21
2026
നവംബർ
ശനി
വൃശ്ചികം 05

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 216 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-216 പേജ് 4. വില 2.00 രൂപ



02 ശബരിമലദർശനം: പ്രതിദിനം 5000 പേർക്ക് കൂടി ദർശനത്തിന് അവസരം

03 പെൻഷൻ തുകയെ ചൊല്ലി തർക്കം: വയോധികയെ കൊന്ന് ഡ്രാമിൽ തള്ളിയ കൊച്ചുമകൻ അറസ്റ്റിൽ

04 ലോക്സഭാ പോരാട്ടത്തിന് പുതിയ ടീം; സർജിക്കൽ സ്ട്രൈക്കുമായി ഖാർഗെ

സാധാരണക്കാരെ ചൂഷണം ചെയ്യുന്നു

കോർപറേറ്റുകൾക്കെതിരേ പ്രധാനമന്ത്രി



ന്യൂഡൽഹി: സാധാരണ ജനങ്ങളെ ചൂഷണം ചെയ്തു രാജ്യത്തെ വിരലിലെണ്ണാവുന്ന കുത്തക കമ്പനികൾ നടത്തുന്ന ചൂഷണം ഏറ്റവുമൊടുവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും തിരിച്ചറിഞ്ഞിരിക്കുന്നു. കോർപറേറ്റുകൾ ആർത്തി കാണിക്കുകയാണെന്നാണ് അദ്ദേഹം പരോക്ഷമായി വിമർശിച്ചിരിക്കുന്നത്.

നികുതി ഇളവുകളിലൂടെയും മറ്റ് ആനുകൂല്യങ്ങളിലൂടെയും വൻ ലാഭം കൊയ്യുന്ന ഇന്ത്യൻ കോർപറേറ്റ് മേഖല, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനോ ജീവനക്കാരുടെ ശമ്പളം വർധിപ്പിക്കാനോ തയാറാകാത്തതിനെതിരേയാണു പ്രധാനമന്ത്രി ആഞ്ഞടിച്ചത്.

വ്യാഴാഴ്ച ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന വ്യവസായ സംഘടനയായ ഫിക്കിയുടെ ശതാബ്ദി ആഘോഷ ചടങ്ങിൽ രാജ്യത്തെ പ്രമുഖ വ്യവസായികളെ വേദിയിലിരുത്തിക്കൊണ്ടായിരുന്നു മോദിയുടെ ഈ അപ്രതീക്ഷിത കടന്നാക്രമണം.

'വികസിത ഭാരതം' സംബന്ധിച്ച പതിവ് പ്രോത്സാഹന വാക്കുകളും പുതിയ ഇളവുകളും പ്രതീക്ഷിച്ചെത്തിയ വ്യവസായ പ്രമുഖരെ ഞെട്ടിച്ചുകൊണ്ടാണ് സർക്കാരിൻറെ കടുത്ത അതൃപ്തി അദ്ദേഹം തുറന്നടിച്ചത്.

'നിങ്ങൾ കൈയടിക്കില്ലെന്ന് എനിക്കറിയാം. കാരണം നിങ്ങളുടെ വിശപ്പ് അത്രത്തോളം വലുതാണ്. എത്ര നൽകിയാലും നിങ്ങളുടെ വയറ് നിറയില്ല' എന്നായിരുന്നു പ്രധാനമന്ത്രിയുടെ രൂക്ഷമായ പരിഹാസം. ജീവനക്കാരുടെ ശമ്പളം വർധിപ്പിച്ചോയെന്നും പുതിയ ആളുകൾക്ക് ജോലി നൽകിയോയെന്നും ചോദിച്ച അദ്ദേഹം, 'മോദി ജി നിങ്ങൾ എല്ലാം ചെയ്യൂ, ഞങ്ങൾ നോക്കിനിൽക്കാം' എന്നതാണു വ്യവസായികളുടെ മനോഭാവമെന്നും കുറ്റപ്പെടുത്തി. ഇങ്ങനെയാണോ കാര്യങ്ങൾ മുന്നോട്ടുപോകേണ്ടതെന്നും മോദി ചോദിച്ചു.

2014ൽ 30 ശതമാനമായിരുന്ന കോർപറേറ്റ് നികുതി 2019ൽ 22 ശതമാനമായി കുറച്ചതും കോവിഡ് കാലത്ത് ആത്മനിർഭർ ഭാരത് പദ്ധതിയിലൂടെയും ജിഎസ്ടി പരിഷ്കാരങ്ങളിലൂടെയും നിരവധി ഇളവുകൾ നൽകിയതും പ്രധാനമന്ത്രി ഓർമിപ്പിച്ചു. മുമ്പ് നികുതി റീഫണ്ടിനായി എട്ടു മാസം വരെ കാത്തിരിക്കേണ്ടിയിരുന്നുവെങ്കിൽ ഇന്ന് ഒരാഴ്ചയ്ക്കുള്ളിൽ പണം അക്കൗണ്ടിലെത്തുന്നുണ്ടെന്നും അതിനെങ്കിലും കൈയടിക്കണമെന്നും അദ്ദേഹം പരിഹസിച്ചു.

കോർപറേറ്റുകളുടെ ചൂഷണത്തെയും ആർത്തിയെയും ശരിവയ്ക്കുന്നതാണ് രാജ്യത്തെ സാമ്പത്തിക കണക്കുകൾ. സർക്കാർ നൽകിയ നികുതി ഇളവുകളുടെ ബലത്തിൽ വൻകിട കമ്പനികൾ റിക്കാർഡ് ലാഭം കൊയ്യുമ്പോഴും സാധാരണക്കാരൻറെ കീശ കാലിയായിത്തന്നെ തുടരുകയാണ്. ആർബിഐ കണക്കുകൾ പ്രകാരം 202021ൽ 2.5 ലക്ഷം കോടി രൂപയായിരുന്ന കോർപറേറ്റ് ലാഭം 202425ൽ 7.1 ലക്ഷം കോടി രൂപയായി കുതിച്ചുയർന്നു.

നിഫ്റ്റി500 കമ്പനികളുടെ ലാഭം 2026 സാമ്പത്തികവർഷത്തിൽ 18.1 ലക്ഷം കോടി രൂപയിലെത്തി. എന്നാൽ ഇതേ കാലയളവിൽ കോർപറേറ്റ് നികുതിയേക്കാൾ കൂടുതൽ വരുമാനം സർക്കാരിനു നൽകേണ്ടിവന്നത് സാധാരണക്കാരാണ്. 202324ൽ വ്യക്തിഗത ആദായനികുതി 10.45 ലക്ഷം കോടി രൂപയായപ്പോൾ കോർപറേറ്റുകൾ നൽകിയ നികുതി 9.11 ലക്ഷം കോടി രൂപ മാത്രമായിരുന്നു.

കമ്പനികളുടെ ലാഭം ശരാശരി 30 ശതമാനം വരെ വളർന്നപ്പോൾ ജീവനക്കാർക്കു നൽകിയ ശമ്പള വർധന വെറും ഒൻപത് ശതമാനം മാത്രമാണ്. പണപ്പെരുപ്പം കൂടി കണക്കാക്കുമ്പോൾ യഥാർഥ ശമ്പള വർധന 2.91 ശതമാനം മാത്രമായി ചുരുങ്ങുന്നു.

മാത്രമല്ല, രാജ്യത്തെ ആകെ തൊഴിലാളികളിൽ 87 ശതമാനവും ഇപ്പോഴും ഒരു സുരക്ഷിതത്വവുമില്ലാത്ത അസംഘടിത മേഖലയിലാണു ജോലി ചെയ്യുന്നത്. ബിരുദധാരികളിൽ 53 ശതമാനത്തിലധികം പേർ തങ്ങളുടെ വിദ്യാഭ്യാസയോഗ്യതയ്ക്കു താഴെയുള്ള ജോലികൾ ചെയ്യാൻ നിർബന്ധിതരാകുന്നുവെന്നും സാമ്പത്തിക സർവേ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

'കളിക്കളം 2026' – ന് ആവേശോജ്ജ്വല തുടക്കം; വിദ്യാർഥികൾക്ക് മന്ത്രിയുടെ സ്നേഹ സമ്മാനമായി ഏകദിന വിനോദയാത്ര

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും 113 ഹോസ്റ്റലുകളിലെയും വിദ്യാർഥികൾ മാറ്റുരയ്ക്കുന്ന ഒൻപതാമത് സംസ്ഥാനതല കായികമേള 'കളിക്കളം 2026'-ന് കാര്യവട്ടം എൽ.എൻ.സി.പി.ഇ മൈതാനത്ത് ആവേശോജ്ജ്വല തുടക്കം. ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല കായികമേളയുടെ പതാക ഉയർത്തലും കായികജ്വാല തെളിയിക്കലും നിർവഹിച്ചു. വിദ്യാർഥികൾക്ക് കായിക മേളാ പ്രതിജ്ഞ മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ കെ.വി. ധനേഷും ലഹരിവിരുദ്ധ പ്രതിജ്ഞ മന്ത്രി രമേശ് ചെന്നിത്തലയും ചൊല്ലിക്കൊടുത്തു. കട്ടേല സ്കൂളിലെ വിദ്യാർഥികളുടെ ആകർഷകമായ ഫ്ലാഷ് മോബും ചടങ്ങിന് മാറ്റു കൂട്ടി.

കായികമേളയുടെ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ച പട്ടികജാതി പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ.എ. തുളസി വിദ്യാർഥികൾക്കായി സ്നേഹ സമ്മാനമെന്ന നിലയിൽ സുപ്രധാന പ്രഖ്യാപനം നടത്തി. നിലവിൽ പത്താം ക്ലാസ്, പ്ലസ് ടു വിദ്യാർഥികൾക്കു മാത്രമാണ് വർഷാവസാനം വിനോദയാത്ര സംഘടിപ്പിക്കുന്നത്. എന്നാൽ ഹോസ്റ്റലുകൾ സന്ദർശിക്കുമ്പോൾ ഒന്നാം ക്ലാസ് മുതൽ പ്ലസ് വൺ വരെയുള്ള കുട്ടികൾ നിരന്തരമായി വിനോദയാത്ര വേണമെന്ന ആവശ്യം ഉന്നയിക്കാറുണ്ടായിരുന്നു. കുട്ടികളുടെ പഠനരംഗത്തെ മികവിനും കഠിനാധ്വാനത്തിനും ഉത്സാഹത്തിനുമുള്ള സ്നേഹസമ്മാനമായാണ് ഈ വർഷം മുതൽ ഒന്നാം ക്ലാസ് മുതൽ പ്ലസ് വൺ വരെയുള്ള മുഴുവൻ കുട്ടികൾക്കും ഏകദിന വിനോദയാത്ര ഒരുക്കാൻ തീരുമാനിച്ചതെന്ന് മന്ത്രി വ്യക്തമാക്കി.

കായികമേളകൾ ഭാവിയിലെ കായിക താരങ്ങളെ വാർത്തെടുക്കുന്ന വേദികൾ: മന്ത്രി രമേശ് ചെന്നിത്തല

'കളിക്കളം 2026' കായികമേളയ്ക്ക് കൊടിയേറി

കായികമേളകൾ വെറും മത്സരവേദികളല്ലെന്നും ഭാവിയിലെ ഒളിമ്പ്യന്മാരെ വാർത്തെടുക്കുന്ന വേദികളാണെന്നും ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല. പ്രതിഭകൾക്ക് അവസരങ്ങൾ ലഭിക്കുമ്പോഴാണ് വിസ്മയങ്ങൾ തീർക്കാൻ കഴിയുന്നതെന്നും കായികരംഗത്ത് മികവ് തെളിയിക്കാൻ വിദ്യാർഥികൾ ഇത്തരം വേദികൾ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന ഒമ്പതാമത് സംസ്ഥാനതല എം.ആർ.എസ് ആൻഡ് ഹോസ്റ്റൽ കായിക മേളയായ 'കളിക്കളം 2026' തിരുവനന്തപുരം കാര്യവട്ടം എൽ.എൻ.സി.പി.ഇ മൈതാനത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും 113 ഹോസ്റ്റലുകളിലെയും വിദ്യാർഥികൾക്ക് കഴിവുകൾ തെളിയിക്കാനുള്ള അവസരമാണ് കായികമേളയിലൂടെ ലഭിക്കുന്നത്. ലഹരിമുക്ത യുവതലമുറയെ വാർത്തെടുക്കാൻ 'കായിക ലഹരിയാണ് യഥാർഥ ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. പട്ടികജാതി പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ.എ. തുളസി അധ്യക്ഷത വഹിച്ച ചടങ്ങിൽ വി. മുരളീധരൻ എം.എൽ.എ, പട്ടികജാതി പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഹിമ കെ, പിന്നാക്ക ക്ഷേമ വകുപ്പ് ഡയറക്ടർ രഞ്ജിത്ത് ടി, എൽ.എൻ.സി.പി.ഇ പ്രിൻസിപ്പൽ ഡോ. സദാനന്ദൻ സി.എസ്, കൗൺസിലർ സന്ധ്യ റാണി എസ്.എസ്, മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ കെ.വി. ധനേഷ്, പട്ടികവർഗ വികസന വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീരേഖ കെ.എസ് തുടങ്ങിയവർ പങ്കെടുത്തു.

സതീശനെ കാണാനെത്തിയ കേരള ഹൗസ് ജീവനക്കാർക്ക് മെമ്മോ; നടപടി വേണ്ടെന്ന് മുഖ്യമന്ത്രി

ന്യൂഡൽഹി: കേരള ഹൗസിൽ വി.ഡി. സതീശനെ അനുമതിയില്ലാതെ കാണാൻ ശ്രമിച്ച രണ്ട് ജീവനക്കാർക്കെതിരെയുള്ള നടപടി നീക്കം മുഖ്യമന്ത്രി തടഞ്ഞു. തുടർനടപടികൾ സ്വീകരിക്കരുതെന്ന് റെസിഡൻറ് കമ്മീഷണർക്ക് അദ്ദേഹം നിർദേശം നൽകി. ഡൽഹിയിൽ കഴിഞ്ഞ ദിവസം എത്തിയ മുഖ്യമന്ത്രിയെ കാണാനെത്തിയ രണ്ട് ജീവനക്കാരെ ചൊല്ലിയാണ് കേരള ഹൗസിൽ പുതിയ വിവാദം ഉടലെടുത്തത്.

ജീവനക്കാരായ സിബി ജോസും പി.സി.സുരേഷ് കുമാറുമാണ് മുറിയിലെത്തി മുഖ്യമന്ത്രിയെ കണ്ടത്. എന്നാൽ നിലവിലുള്ള നിർദേശങ്ങൾക്ക് വിരുദ്ധമായാണ് ജീവനക്കാർ മുഖ്യമന്ത്രിയെ കാണാനെത്തിയതെന്ന് ചൂണ്ടിക്കാട്ടി റെസിഡൻറ് കമ്മീഷണർ പുനീത് കുമാറിൻറെ നിർദേശപ്രകാരം കേരള ഹൗസ് കൺട്രോളർ ഇരുവർക്കും മെമ്മോ നൽകി. വിശദീകരണവും തേടിയിരുന്നു. മുഖ്യമന്ത്രി കേരള ഹൗസിലെത്തുമ്പോൾ സുരക്ഷയുടെയും തിരക്ക് നിയന്ത്രണത്തിൻറെയും ഭാഗമായി മുറിക്ക് മുന്നിൽ അനാവശ്യമായി ആളുകൾ കൂട്ടംകൂടരുതെന്ന് നേരത്തേ നിർദേശം നൽകിയിരുന്നതായാണ് അധികൃതരുടെ വിശദീകരണം

ഗുരുവായൂർ ക്ഷേത്ര ദർശനം; ജീവനക്കാർ മാന്യതയോടെ പെരുമാറണമെന്ന് ഹൈക്കോടതി

കൊച്ചി: ഗുരുവായൂർ ക്ഷേത്ര ദർശനവുമായി ബന്ധപ്പെട്ട് ഗുരുവായൂർ ദേവസ്വം ജീവനക്കാർക്കെതിരെ ഭക്തർ അയച്ച കത്തിന്മേൽ സ്വമേധയാ ഇടപെട്ട് ഹൈക്കോടതി. ഭക്തരോട് ജീവനക്കാർ മാന്യതയോടെ പെരുമാറണമെന്ന് ഹൈക്കോടതി നിർദേശിച്ചു.


ഭക്തജനങ്ങളോട് ക്ഷോഭിക്കരുത്. ഭക്തരും ജീവനക്കാരും ഒരു മര്യാദ പുലർത്തണം. ദർശനത്തിനായുള്ള ക്യൂ സുഗമമായി കൊണ്ടുപോകണം.

എന്നാൽ ഭക്തരോടുള്ള ദേവസ്വം ജീവനക്കാരുടെ പെരുമാറ്റം അതിരു വിടരുതെന്നും ഹൈക്കോടതി നിർദേശിച്ചു.

അപകടങ്ങളിൽ ആദ്യ മിനിറ്റുകൾക്ക് ജീവൻരക്ഷാ പ്രാധാന്യം; എസ്യുടി ആശുപത്രിയുടെ പുസ്തകം പ്രകാശനം ചെയ്തു

തിരുവനന്തപുരം: അപകടങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും ജീവൻ രക്ഷിക്കാൻ ആദ്യ മിനിറ്റുകളിൽ സ്വീകരിക്കേണ്ട പ്രഥമശുശ്രൂഷാ നടപടികൾ വിശദീകരിക്കുന്ന പുസ്തകം എസ് യു ടി പട്ടം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പുറത്തിറക്കി. ആശുപത്രിയുടെ പൊതുജന ബോധവത്കരണ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ 'ദ ഫസ്റ്റ്ഫ്യൂ മിനിറ്റ്സ് മാറ്റർ - ട്രോമ ഫസ്റ്റ് എയ്ഡ്: എ സിമ്പിൾ ഗൈഡ് ഫോർ എവരിവൺ' എന്ന പുസ്തകം സിറ്റി പോലീസ് കമ്മീഷണർ ഡോ. അരുൾ ആർ.ബി. കൃഷ്ണ ഐപിഎസ് പ്രകാശനം ചെയ്തു. എസ് യു ടി ആശുപത്രി എമർജൻസി മെഡിസിൻ വിഭാഗം മേധാവി ഡോ. ബിനു ബ്രൈറ്റാണ് പുസ്തകം തയ്യാറാക്കിയത്. ചടങ്ങിൽ ഡി.സി.പി (അഡ്മിൻ) ഷീൻ തറയിൽ പങ്കെടുത്തു. തുടർന്ന് ഡോ. ബിനു ബ്രൈറ്റിന്റെ നേതൃത്വത്തിൽ നൂറോളം പോലീസ് ഉദ്യോഗസ്ഥർക്ക് പ്രഥമശുശ്രൂഷയിലും ബേസിക് ലൈഫ് സപ്പോർട്ടിലും പരിശീലനം നൽകി. അടിയന്തര ഘട്ടങ്ങളിൽ പ്രാഥമിക പരിചരണം നൽകുന്നതിനുള്ള അറിവും പ്രായോഗിക പരിശീലനവും പോലീസ് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.





ഫാക്കൽറ്റി പാനൽ അഭിമുഖം

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിന് കീഴിൽ നടപ്പിലാക്കിവരുന്ന കരിയർ ഗൈഡൻസ് പ്രോഗ്രാമിലേക്കും സിസിഎംവൈ മുഖേന നടപ്പിലാക്കുന്ന പാത്ത്‌വേ സോഷ്യൽ വെൽനസ് (പ്രീ-മാരിറ്റൽ കൗൺസിലിങ്) പ്രോഗ്രാമിലേക്കുമുള്ള ഫാക്കൽറ്റി പാനൽ പുതുക്കുന്നതിനായി അഭിമുഖം നടത്തും. നവംബർ 26, 27 തീയതികളിൽ തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിലാണ് അഭിമുഖം. 26 ന് നടക്കുന്ന കരിയർ ഗൈഡൻസ് ഫാക്കൽറ്റി അഭിമുഖത്തിൽ പങ്കെടുക്കുന്നവർക്ക് ബിരുദാനന്തര ബിരുദവും, ഹയർ സെക്കൻഡറി അല്ലെങ്കിൽ കോളജ് തലത്തിൽ കരിയർ ഗൈഡൻസ്/മോട്ടിവേഷണൽ ക്ലാസുകൾ കൈകാര്യം ചെയ്ത് മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം. 27 ന് നടക്കുന്ന പാത്ത്‌വേ സോഷ്യൽ വെൽനസ് (പ്രീ-മാരിറ്റൽ കൗൺസിലിംഗ്) ഫാക്കൽറ്റി അഭിമുഖത്തിന് സൈക്കോളജി, കൗൺസിലിങ് സൈക്കോളജി, സോഷ്യൽ വർക്ക്, സോഷ്യോളജി, ഹ്യൂമൻ ഡെവലപ്മെന്റ് ആൻഡ് ഫാമിലി സ്റ്റഡീസ് എന്നിവയിലേതെങ്കിലും ഒന്നിൽ ബിരുദാനന്തര ബിരുദവും കൗൺസിലിങ് മേഖലയിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. സൈക്കോളജി ബിരുദാനന്തര ബിരുദധാരികൾക്ക് മുൻഗണന.യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ അസലും പകർപ്പുകളും ബയോഡാറ്റയും സഹിതം അതത് ദിവസങ്ങളിൽ രാവിലെ 10.30ന് മുമ്പായി ഹാജരാകണം. വിവരങ്ങൾക്ക്: 0471-2300523, 24, 0471-2302090.

കളിക്കളം 2026: മാർച്ച് പാസ്റ്റിൽ ആവേശം നിറച്ച് 40 ടീമുകൾ

പട്ടികവർഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഒമ്പതാമത് സംസ്ഥാനതല 'കളിക്കളം 2026' കായികമേളയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി പങ്കെടുക്കുന്നത് 1500 ഓളം വിദ്യാർഥികൾ.

മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന കായികമേളയ്ക്ക് ആവേശകരമായ തുടക്കമാണ് ലഭിച്ചത്.

ദീപശിഖാ പ്രയാണത്തോടെയാണ് മേളയുടെ ഔദ്യോഗിക ചടങ്ങുകൾക്ക് തുടക്കമായത്. കായിക മനോഭാവം, അച്ചടക്കം, ഐക്യം എന്നിവയുടെ സന്ദേശമുയർത്തി 40 ടീമുകൾ അണിനിരന്ന മാർച്ച് പാസ്റ്റ് ഉദ്ഘാടനച്ചടങ്ങിന് ആവേശം പകർന്നു. വിവിധ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെയും പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെയും പ്രതിനിധീകരിച്ച് വിദ്യാർഥികൾ അവതരിപ്പിച്ച മാർച്ച്പാസ്റ്റ് ചടങ്ങിന്റെ പ്രധാന ആകർഷണമായി.

കാസർഗോഡ് മോഡൽ റെസിഡൻഷ്യൽ സ്കൂൾ മുതൽ തിരുവനന്തപുരം ജില്ലയിലെ ഐടിഡിപി നെടുമങ്ങാട് വരെയുള്ള വിവിധ ടീമുകളാണ് മാർച്ച് പാസ്റ്റിൽ അണിനിരന്നത്. കായികമികവും കൂട്ടായ്മയും പ്രകടമാക്കിയ വിദ്യാർഥികളുടെ പങ്കാളിത്തം മേളയുടെ ആവേശം വർധിപ്പിച്ചു.

ലീഗൽ കൺസൾട്ടന്റ്

സംസ്ഥാന സ്പോർട്സ് കൗൺസിൽ ഓഫീസിൽ ലീഗൽ കൺസൾട്ടന്റ് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. എൽ.എൽ.ബി. ബിരുദമാണ് യോഗ്യത. ബാർ കൗൺസിൽ അഡ്വക്കേറ്റായി എൻറോൾ ചെയ്ത് അഞ്ച് വർഷം പൂർത്തീകരിച്ചിരിക്കണം. മൂന്ന് വർഷത്തെ അഡ്വക്കേറ്റ് പരിചയം ഉണ്ടായിരിക്കണം. പ്രായപരിധി 60 വയസ്സ്. അപേക്ഷകൾ സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം 695001 വിലാസത്തിൽ നവംബർ 28 വൈകിട്ട് 5ന് മുൻപായി സമർപ്പിക്കണം. വിവരങ്ങൾക്ക്: 0471 2330167.

ഭരണഘടനാദിനാചരണം: സംസ്ഥാനതല ഉദ്ഘാടനം 21 ന്

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഭരണഘടനാദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 21 രാവിലെ 10.30ന് തിരുവനന്തപുരം ഗവ. ലോ കോളേജിൽ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. എം.എൽ.എയും ഇൻസ്റ്റിറ്റ്യൂട്ട് എക്സിക്യൂട്ടീവ് കൗൺസിൽ അംഗവുമായ ജ്യോതികുമാർ ചാമക്കാല അധ്യക്ഷത വഹിക്കും. ചടങ്ങിൽ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മുഖ്യാതിഥിയാകും. 'ഭരണഘടനാ ധാർമികതയും ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിയും' എന്ന വിഷയത്തിൽ അദ്ദേഹം മുഖ്യപ്രഭാഷണം നടത്തും.

പാനൂരിൽ എട്ടാം ക്ലാസുകാരന് ക്രൂരമർദനം; മൂന്ന് ഒമ്പതാം ക്ലാസ് വിദ്യാർഥികൾക്കെതിരെ കേസ്

കണ്ണൂർ: പാനൂരിൽ എട്ടാം ക്ലാസ് വിദ്യാർഥിക്ക് മർദനമേറ്റ സംഭവത്തിൽ ഒമ്പതാം ക്ലാസിൽ പഠിക്കുന്ന മൂന്ന് വിദ്യാർഥികൾക്കെതിരെ പൊലീസ് കേസെടുത്തു. പാനൂർ ബസ് സ്റ്റാൻഡിനു സമീപത്തുവെച്ച് എട്ടാം ക്ലാസ്, ഒമ്പതാം ക്ലാസ് വിദ്യാർഥികൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിനിടയിലാണ് ആക്രമണം നടന്നത്.'നിന്നെ വെറുതെ വിടില്ല' എന്ന് ഭീഷണിപ്പെടുത്തിയ ശേഷമാണ് കുട്ടിയെ മർദിച്ചതെന്ന് എഫ്ഐആറിൽ വ്യക്തമാക്കുന്നു. കല്ലുകൊണ്ട് മുഖത്ത് അടിച്ചതായും പൊലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. കല്ലേറിൽ കുട്ടിയുടെ തലയ്ക്ക് ഗുരുതര പരിക്കേറ്റതിനെ തുടർന്ന് കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി.

ബിജെപിക്ക് അടിതെറ്റി; രാജസ്ഥാനിൽ കോൺഗ്രസ് കുതിപ്പ്

ജയ്പുർ: രാജസ്ഥാനിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് മുന്നേറ്റം. ജില്ലാ പരിഷത്ത്, പഞ്ചായത്ത് സമിതി തെരഞ്ഞെടുപ്പുകളിലാണ് കോൺഗ്രസ് ലീഡ് ചെയ്യുന്നത്. 37 ജില്ലാ പരിഷത്ത് സീറ്റുകളിൽ 27 ഇടത്ത് കോൺഗ്രസും 10 ഇടത്ത് ബിജെപിയുമാണ് മുന്നിലുള്ളത്. 419 പഞ്ചായത്ത് സമിതികളിൽ 145 ഇടത്താണ് കോൺഗ്രസ് ലീഡ് ചെയ്യുന്നത്. ബിജെപി 89 ഇടങ്ങളിൽ മുന്നിലാണ്.

നഗരവികസന മന്ത്രി മദൻ ദിലാവർ സിംഗ് ഖാരയുടെ ഭാര്യയും മക്കളും പരാജയപ്പെട്ടു. സിക്കാർ ജില്ലയിലെ ശ്രീ മധോപുരിലെ 17ാം വാർഡിൽ മത്സരിച്ച ഭാര്യ ശാന്തി ദേവി 51 വോട്ടിനാണ് കോൺഗ്രസ് സ്ഥാനാർഥിയോട് തോറ്റത്. മന്ത്രിയുടെ മക്കളായ ദുർഗ സിംഗ്, അജയ് സിംഗ് എന്നിവരും പരാജയപ്പെട്ടു. ഉദയ്പുർ ജില്ലയിലെ ഋഷഭ്ദേവ് പഞ്ചായത്ത് സമിതിയിലേക്ക് മത്സരിച്ച മുൻ ബിജെപി എംഎൽഎ നാനാലാൽ അഹാരിയുടെ മകൻ സോനുവും പരാജയപ്പെട്ടു.

ജയ്പുരിൽ ഇതുവരെ വിജയികളെ പ്രഖ്യാപിച്ച 15 വാർഡുകളിൽ 11 ഇടത്തും കോൺഗ്രസാണ് വിജയിച്ചത്. ബിജെപി രണ്ടിടത്ത് വിജയിച്ചപ്പോൾ ഒരു വാർഡിൽ രാഷ്ട്രീയ ലോകതാന്ത്രിക് പാർട്ടിയും വിജയിച്ചു. ജയ്പുരിലെ 22 പഞ്ചായത്ത് സമിതികളിൽ 19 ഇടത്തും കോൺഗ്രസാണ് മുന്നിൽ. അതേസമയം ജയ്പുരിലെ ജില്ലാ പരിഷത്ത് തെരഞ്ഞെടുപ്പിൽ ബിജെപിയും കോൺഗ്രസും തമ്മിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് നടക്കുന്നത്.

25 വാർഡുകളിൽ ബിജെപിയും 22 ഇടങ്ങളിൽ കോൺഗ്രസുമാണ് മുന്നിലുള്ളത്. 41 ജില്ലകളിലായി 1,403 ജില്ലാ പരിഷത്ത് വാർഡുകളിലേക്കാണ് തെരഞ്ഞെടുപ്പ് നടന്നത്. ഇതിൽ കോട്ട, ബാരൻ, കരൗലി, ശ്രീഗംഗാനഗർ എന്നീ ജില്ലകൾ ഒഴികെയുള്ള ജില്ലകളിലാണ് വോട്ടെണ്ണൽ പുരോഗമിക്കുന്നത്.

മന്ത്രിസഭയിൽ സിപിഐ മന്ത്രിമാരും ഉണ്ടായിരുന്നു; സർക്കാരിന്റെ കോട്ടത്തിന് സിപിഐയ്ക്കും ഉത്തരവാദിത്വമുണ്ട്: വി. ശിവൻകുട്ടി

തിരുവനന്തപുരം: സിപിഐക്കെതിരെ രൂക്ഷ വിമർശനവുമായി മുൻ മന്ത്രിയും സിപിഎം നേതാവുമായ വി. ശിവൻകുട്ടി. ഇടതു സർക്കാരിന്റെ നേട്ടങ്ങളെല്ലാം സിപിഐക്ക് കൂടി അവകാശപ്പെട്ടതാണെന്നും കോട്ടത്തിൽ അവർക്ക് ഉത്തരവാദിത്വമില്ല എന്ന നിലപാട് ശരിയല്ലെന്നുമാണ് ശിവൻകുട്ടിയുടെ വിമർശനം.ഇതെന്ത് മുന്നണി ബന്ധമാണ് കോട്ടം ഉണ്ടെങ്കിൽ അതും അവർക്ക് ബാധകമാണ്. നാലു മന്ത്രിമാർ സിപിഐക്കും ഉണ്ടായിരുന്നു. നേട്ടത്തിന് മാത്രമല്ല കോട്ടത്തിനും അവർക്ക് ഉത്തരവാദിത്വമുണ്ടെന്നും ശിവൻകുട്ടി പ്രതികരിച്ചു.പിഎം ശ്രീ ഞങ്ങൾ തിരുത്തിയതുകൊണ്ടാണ് എൽഡിഎഫിൻറെ അന്തസുയർത്തിപ്പിടിച്ചതെന്ന വാദഗതി ശരിയല്ല. എൽഡിഎഫിൻറെ സംസ്ഥാന കമ്മിറ്റി യോഗത്തിലാണ് ആ കാര്യങ്ങൾ ചർച്ച ചെയ്തത്. ഏത് പ്രശ്നം വന്നാലും വീണ്ടും പി എം ശ്രീ ഉയർത്തി പിടിക്കുന്ന ബിനോയ് വിശ്വത്തിൻറെ നിലപാട് ശരിയല്ലെന്നും ശിവൻകുട്ടി കുറ്റപ്പെടുത്തി.

ഗോണ്ടിയ വനത്തിലെ കൊലപാതകം: ഇൻഡിഗോ ജീവനക്കാരിയെ കൊന്നത് 13 ലക്ഷത്തിന്റെ ക്വട്ടേഷനിൽ; നാലുപേർ അറസ്റ്റിൽ

മുംബൈ: മഹാരാഷ്ട്രയിലെ ഗോണ്ടിയ വനമേഖലയിൽ ഇൻഡിഗോ ജീവനക്കാരി കുത്തേറ്റു മരിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. വിവാഹേതര ബന്ധവുമായി ബന്ധപ്പെട്ട തർക്കങ്ങളാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് പൊലിസിൻറെ പ്രാഥമിക നിഗമനം. കേസിൽ സുഹൃത്തിൻറെ ഭാര്യ ഉൾപ്പെടെ നാലു പേരെ പൊലിസ് അറസ്റ്റ് ചെയ്തു.

പൂന വിമാനത്താവളത്തിൽ ജോലി ചെയ്തിരുന്ന വർഷ തുർക്കറാണ് (23) കൊല്ലപ്പെട്ടത്. ദീപാവലി ആഘോഷങ്ങൾക്കായി രണ്ടര വയസുകാരിയായ മകൾക്കൊപ്പം മധ്യപ്രദേശിലെ ബാലാഘട്ടിലുള്ള സ്വന്തം വീട്ടിലെത്തിയതായിരുന്നു വർഷ. നവംബർ 14ന് ഏകദേശം 40 കിലോമീറ്റർ അകലെയുള്ള ഗോണ്ടിയയിലെ ബോണ്ടറാനിയിലേക്ക് സുഹൃത്തായ നിതേഷ് അഗർവാളിനെ (42) കാണാനായി പോയതായിരുന്നു ഇവർ.

പത്ത് വർഷത്തിലേറെയായി സുഹൃത്തുക്കളായിരുന്ന വർഷയും റിയൽ എസ്റ്റേറ്റ് വ്യവസായിയായ നിതേഷും മഹാരാഷ്ട്രമധ്യപ്രദേശ് അതിർത്തിയിലെ വെയ്ൻഗംഗ നദിക്കരയിലുള്ള വിജനമായ വനമേഖലയിലേക്ക് യാത്ര പോയി. ഇതിനിടെ ബോണ്ടറാനി വനത്തിൽ വച്ച് മുഖംമൂടി ധരിച്ചെത്തിയ മൂന്നംഗ സംഘം വർഷയെ കുത്തിക്കൊലപ്പെടുത്തുകയായിരുന്നു. സംഭവസമയത്ത് നിതേഷ് ഒപ്പമുണ്ടായിരുന്നു.

നിതേഷും വർഷയും തമ്മിലുള്ള ബന്ധം കുടുംബജീവിതം തകർക്കുമെന്നും വിവാഹമോചനത്തിലേക്ക് നയിക്കുമെന്നും ഭയന്ന നിതേഷിൻറെ ഭാര്യ മോണ അഗർവാളാണ് (41) കൊലപാതകം ആസൂത്രണം ചെയ്തതെന്ന് പൊലിസ് പറയുന്നു. കൊലപാതകത്തിനായി 13 ലക്ഷം രൂപയുടെ ക്വട്ടേഷൻ നൽകിയതായാണ് പൊലിസിൻറെ കണ്ടെത്തൽ.

അയൽവാസിയായ കുനാൽ കുംഭാൽക്കറെ (31) മോണ ആദ്യം സമീപിക്കുകയും തുടർന്ന് കുനാൽ ഷാരൂഖ് പഠാൻ എന്ന ഗുണ്ടാസംഘാംഗവുമായി ബന്ധപ്പെട്ട് 13 ലക്ഷം രൂപയ്ക്ക് കരാർ ഉറപ്പിക്കുകയുമായിരുന്നു. തുടർന്ന് സഞ്ജയ്നഗർ മുറി സ്വദേശികളായ ഇമ്രാൻ കരീം ഷെയ്ഖ് (26), നയ്ലാൻ ഷെയ്ഖ്, കൃഷ് റൗട്ട് എന്നീ മൂന്ന് യുവാക്കളെ കൃത്യം നിർവഹിക്കാൻ ഏൽപ്പിച്ചു.

മോണയുടെ പേരിൽ രജിസ്റ്റർ ചെയ്തിരുന്ന നിതേഷിൻറെ കാറിലെ ഐകണക്ട് എന്ന ആപ്പിൻറെ ഐഡിയും പാസ്‌വേഡും ഉപയോഗിച്ചാണ് പ്രതികൾ വാഹനത്തിൻറെ തത്സമയ ജിപിഎസ് ലൊക്കേഷൻ കണ്ടെത്തിയതെന്ന് പൊലിസ് വ്യക്തമാക്കി. കാർ വനത്തിന് സമീപം നിർത്തിയപ്പോൾ ബൈക്കിൽ പിന്തുടർന്നെത്തിയ സംഘം വർഷയെ ആക്രമിക്കുകയായിരുന്നു.

ബോണ്ടറാനി വനമേഖല, തിരോഡ, ഖൈർലഞ്ചി, വരശിവ്നി, ഗോണ്ടിയ എന്നി വിടങ്ങളിലെ മുന്നൂറോളം സിസിടിവി കാമറകൾ പരിശോധിച്ചും മൊബൈൽ ഫോൺ ടവർ ലൊക്കേഷനുകൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലുമാണ് പ്രതികളിലേക്ക് പൊലിസ് എത്തിയത്. നവംബർ 19 ന് കസ്റ്റഡിയിലെടുത്ത ഇമ്രാൻ ഷെയ്ഖ് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ വെള്ളിയാഴ്ച മോണയെയും കുനാലിനെയും പൊലിസ് പിടികൂടി. ഇവർക്കൊപ്പം ഷാരൂഖ് പഠാനെയും അറസ്റ്റ് ചെയ്തു. ഒളിവിൽ പോയ നയ്ലാനും കൃഷിനുമായി പൊലിസ് തെരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്.

ഒരിക്കൽ കൈവിട്ടു, വീണ്ടും കൊളത്തൂരിലേക്ക് സ്റ്റാലിൻ എത്തുമോ; ആകാംക്ഷയോടെ തമിഴകം

ചെന്നൈ: വി.എസ്. ബാബു എംഎൽഎയുടെ വിയോഗത്തോടെ കൊളത്തൂർ മണ്ഡലം വീണ്ടും ഉപതെരഞ്ഞെടുപ്പിലേക്ക് നീങ്ങുകയാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അതികായനായ എം.കെ.സ്റ്റാലിനെ അട്ടിമറിച്ചാണ് ടിവികെ സ്ഥാനാർഥിയായ വി.എസ്. ബാബു നിയമസഭയിലെത്തിയത്. ഇതോടെ തമിഴ്നാട് രാഷ്ട്രീയത്തിലെ ഏറ്റവും ശ്രദ്ധേയമായ ഉപതെരഞ്ഞെടുപ്പുകളിലൊന്നായി കൊളത്തൂർ മാറുമെന്നുറപ്പാണ്. എന്നാൽ ഈ ഉപതെരഞ്ഞെടുപ്പിനെ ഇത്രയേറെ ശ്രദ്ധേയമാക്കുന്ന മറ്റൊരു കാര്യമുണ്ട്.

പരാജയത്തിൻറെ മുറിവുണങ്ങുംമുമ്പ് അതേ മണ്ഡലത്തിൽ വീണ്ടും ജനവിധി തേടാൻ എം.കെ. സ്റ്റാലിൻ തയാറാകുമോ ഡിഎംകെ സ്ഥാനാർഥിയായി സ്റ്റാലിൻ തന്നെ വീണ്ടും മത്സരരംഗത്തെത്തിയാൽ കൊളത്തൂരിൽ എന്തായിരിക്കും സംഭവിക്കുക. 2011 മുതൽ തുടർച്ചയായി മൂന്ന് തവണ സ്റ്റാലിനെ നിയമസഭയിലെത്തിച്ച മണ്ഡലമാണ് കൊളത്തൂർ. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വി.എസ്. ബാബുവിലൂടെ ടിവികെ നടത്തിയ അട്ടിമറി ഡിഎംകെയ്ക്ക് മാത്രമല്ല, സ്റ്റാലിൻറെ വ്യക്തിപരമായ രാഷ്ട്രീയ പ്രതിച്ഛായയ്ക്കും വലിയ തിരിച്ചടിയായിരുന്നു.

8,795 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ബാബു സ്റ്റാലിനെ പരാജയപ്പെടുത്തിയത്. തമിഴ്നാട് രാഷ്ട്രീയത്തിൽ വിജയ് തരംഗം സൃഷ്ടിച്ച തെരഞ്ഞെടുപ്പിലെ ഏറ്റവും ശ്രദ്ധേയമായ ഫലങ്ങളിലൊന്നായിരുന്നു ഇത്. ഉപതെരഞ്ഞെടുപ്പിൽ സ്റ്റാലിൻ കളത്തിലിറങ്ങിയാൽ എങ്ങനെയും അദ്ദേഹത്തെ വിജയിപ്പിക്കാനായിരിക്കും ഡിഎംകെ ശ്രമിക്കുക. അതേസമയം സ്റ്റാലിനെ തോൽപ്പിക്കാൻ ആവനാഴിയിലെ അവസാന അമ്പും ടിവികെ പ്രയോഗിക്കുമെന്ന് ഉറപ്പായതിനാൽ കൊളത്തൂരിൽ തീപാറുന്ന പോരാട്ടത്തിനായിരിക്കും തമിഴകം സാക്ഷ്യം വഹിക്കാൻ പോകുന്നത്.

നവജാതശിശുവിനെ കഴുത്തുഞെരിച്ച് കൊലപ്പെടുത്തിയ യുവതിയും കാമുകനും പിടിയിൽ

ഗാന്ധിനഗർ: ഗുജറാത്തിലെ ദെഹ്ഗാമിൽ നവജാത ശിശുവിനെ കഴുത്തുഞെരിച്ച് കൊലപ്പെടുത്തിയ ശേഷം കുഴിയിൽ ഉപേക്ഷിച്ച സംഭവത്തിൽ യുവതിയും കാമുകനും പൊലിസ് പിടിയിലായി. കൽപ സോളങ്കി (21), കാമുകൻ കൽജി (32) എന്നിവരാണ് അറസ്റ്റിലായത്.ഭർത്താവുമായി പിണങ്ങിക്കഴിഞ്ഞിരുന്ന കൽപ, കാമുകനായ കൽജിയിൽ നിന്നാണ് ഗർഭിണിയായത്. നവംബർ 14ന് രാത്രി പ്രസവവേദനയെത്തുടർന്ന് യുവതി വീടിന് സമീപത്തെ മേച്ചിൽ പുറത്തേക്ക് പോവുകയും അവിടെവച്ച് പെൺകുഞ്ഞിന് ജന്മം നൽകുകയുമായിരുന്നു. തുടർന്ന് കുഞ്ഞിനെ കൽജിയുടെ കൈവശം ഏൽപ്പിച്ചു. യുവാവ് കുഞ്ഞിനെ കഴുത്തുഞെരിച്ച് കൊലപ്പെടുത്തിയ ശേഷം സമീപത്തെ കുഴിയിൽ തള്ളുകയായിരുന്നുവെന്ന് പൊലിസ് വ്യക്തമാക്കുന്നു.പിറ്റേന്ന് രാവിലെ കുഴിയിൽ അവശനിലയിൽ കിടന്ന കുഞ്ഞിനെ ഒരു കർഷകനാണ് ആദ്യം കണ്ടെത്തിയത്. ഉടൻ തന്നെ കുഞ്ഞിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല; ചികിത്സയിലിരിക്കെ മരണം സംഭവിക്കുകയായിരുന്നു. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തിവരികയാണെന്ന് പൊലിസ് അറിയിച്ചു.

ഹോം നഴ്സിംഗ് സ്ഥാപനത്തിന്റെ മറവിൽ തട്ടിപ്പ്; യുവതി അറസ്റ്റിൽ

ആലപ്പുഴ: ഹോം നഴ്സിംഗ് സ്പാനത്തിൻറെ മറവിൽ നിരവധി പേരെ കബളിപ്പിച്ച് പണം തട്ടിയ കേസിൽ യുവതി അറസ്റ്റിൽ. കീരിക്കാട് വില്ലേജിൽ കീരിക്കാട് തെക്ക് മുറിയിൽ ആലുംമൂട്ടിൽ പുതുവൽ വീട്ടിൽ അമൃത (22) ആണ് അറസ്റ്റിലായത്.

കായംകുളം പോലീസാണ് അമൃതയെ അറസ്റ്റ് ചെയ്തത്. 'കൃഷ്ണ ഹോം നഴ്സിംഗ്' എന്ന സ്ഥാപനത്തിൻറെ മറവിലായിരുന്നു തട്ടിപ്പ്. ലൈസൻസില്ലാതെ നടത്തിവന്നിരുന്ന സ്ഥാപനം വഴി ഹോം നഴ്സായി ജോലി ചെയ്താൽ പ്രതിമാസം 15,000 രൂപ മുതൽ 30,000 രൂപ വരെ ശമ്പളം നൽകാമെന്ന് വിശ്വസിപ്പിച്ചാണ് പ്രതി സ്ത്രീകളെ വീടുകളിൽ ജോലിക്കു നിർത്തിയിരുന്നത്.തുടർന്ന് ഇവർക്ക് നൽകാനുള്ള ശമ്പളം വീട്ടുകാരിൽ നിന്ന് വാങ്ങിയെടുത്ത ശേഷം ജോലി ചെയ്തവർക്ക് നൽകാതെ ചതിച്ചെടുക്കുകയായിരുന്നു ഇവരുടെ രീതി. ഇത്തരത്തിൽ നിരവധി പേരെ കബളിപ്പിച്ചതായി പരാതി ഉയർന്നതിനെ തുടർന്നാണ് പൊലിസ് അന്വേഷണം നടത്തിയത്.

കായംകുളം എസ്ഐ സജിത് മോൻറെ നേതൃത്വത്തിലുള്ള പൊലിസ് സംഘമാണ് അമൃതയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു.

മുൻ ലോക ചാമ്പ്യനെ കീഴടക്കി; കപ്പിനോടടുത്ത് ലക്ഷ്യ

വിക്ടോറിയ: ഹോങ്കോംഗ് ഓപ്പൺ ബാഡ്മിൻറണിൽ കിരീടത്തോടുത്ത് ഇന്ത്യൻ താരം ലക്ഷ്യ സെൻ. ഇന്ന് നടന്ന് ക്വാർട്ടറിൽ വിജയിച്ച് ലക്ഷ്യ സെമിയിലേയ്ക്ക് മുന്നേറി.ക്വാർട്ടറിൽ മുൻ ലോക ചാമ്പ്യൻ ലോഹ് കീൻ യൂയെയാണ് ലക്ഷ്യ തോൽപ്പിച്ചത്. ഒന്നിനെതിരെ രണ്ട് ഗെയിമുകൾക്കായിരുന്നു ലക്ഷ്യയുടെ വിജയം. സ്കോർ: 2117, 1021, 2113.

ആദ്യ ഗെയിം സ്വന്തമാക്കിയ ലക്ഷ്യയ്ക്ക് രണ്ടാം ഗെയിം നഷ്ടപ്പെട്ടു. എന്നാൽ മൂന്നാം ഗെയിം വിജയിച്ച് മത്സരം സ്വന്തമാക്കുകയായിരുന്നു.ഡെൻമാർക്ക് താരം ആൻഡേഴ്സ് അൻറോൺസെനും ചൈനയുടെ സുസുവാൻ ചെനും തമ്മിലുള്ള ക്വാർട്ടറിലെ വിജയി ആണ് ലക്ഷ്യ സെമിയിൽ നേരിടുക.ഹൈലോ ഓപ്പണും ജപ്പാൻ മാസ്റ്റേഴ്സും സ്വന്തമാക്കിയ ലക്ഷ്യ സെൻ മികച്ച ഫോമിലാണ്. തുടർച്ചയായ മൂന്നാം കിരീടമാണ് താരം ലക്ഷ്യമിടുന്നത്.

മലപ്പുറത്ത് ബാങ്കിൽ നിന്നിറങ്ങിയവരെ ആക്രമിച്ച് കവർച്ചയ്ക്ക് ശ്രമം; മൂന്ന് പേർ പിടിയിൽ

മലപ്പുറം: അങ്ങാടിപ്പുറത്ത് ബാങ്കിൽ നിന്നു പണം പിൻവലിച്ചിറങ്ങിയവരെ ആക്രമിച്ച് കവർച്ച നടത്താനുള്ള ശ്രമം നാട്ടുകാരുടെ ഇടപെടലിൽ പൊളിഞ്ഞു. എസ്ബിഐ ശാഖയിൽ നിന്നു പണവുമായി പുറത്തിറങ്ങിയ ഗൂഡല്ലൂർ സ്വദേശികൾക്ക് നേരെയാണ് ആക്രമണമുണ്ടായത്.ആറ് ലക്ഷം രൂപയാണ് ഇവർ ബാങ്കിൽ നിന്നും പിൻവലിച്ചത്. മൂന്നംഗ സംഘം ഇവരെ ആക്രമിച്ച് പണം തട്ടിയെടുക്കാൻ ശ്രമിക്കുകയായിരുന്നു.ബഹളം കേട്ടെത്തിയ നാട്ടുകാർ പ്രതികളെ തടഞ്ഞുവച്ച ശേഷം പെരിന്തൽമണ്ണ പൊലിസിന് കൈമാറി. ഇവരെ പൊലിസ് കസ്റ്റഡിയിലെടുത്തു.

വടക്കഞ്ചേരിയിൽ ബസും ലോറിയും കൂട്ടിയിടിച്ചു; മുപ്പതോളം പേർക്ക് പരിക്ക്

പാലക്കാട്: വടക്കഞ്ചേരി തങ്കം ജംഗ്ഷനിൽ ദേശീയപാതയോരത്തെ സർവീസ് റോഡിൽ സ്വകാര്യ ബസും ലോറിയും കൂട്ടിയിടിച്ച് മുപ്പതോളം യാത്രക്കാർക്ക് പരിക്കേറ്റു. ഇവരെ ഉടൻ തന്നെ ഇരട്ടക്കുളത്തുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടെയും പരിക്ക് ഗുരുതരമല്ലെന്നാണ് വിവരം.കണ്ണമ്പ്ര ഭാഗത്ത് നിന്ന് സർവീസ് റോഡിലൂടെ ടൗൺ ഭാഗത്തേക്ക് നീങ്ങുകയായിരുന്ന ബസ്, എതിർദിശയിൽ നിന്ന് എത്തിയ ലോറിയുമായി നേർക്കുനേർ ഇടിക്കുകയായിരുന്നു.അപകടത്തിൽ ബസിൻറെയും ലോറിയുടെയും മുൻഭാഗം പൂർണമായും തകർന്നു. ബസിൽ ഇടിച്ചതിന് പിന്നാലെ നിയന്ത്രണം വിട്ട ലോറി, സമീപത്ത് പാർക്ക് ചെയ്തിരുന്ന കാറിലും ഇരുചക്രവാഹനത്തിലും കൂടി ഇടിച്ചുകയറി.

ശബരിമലദർശനം: പ്രതിദിനം 5000 പേർക്ക് കൂടി ദർശനത്തിന് അവസരം

തിരുവനന്തപുരം: ശബരിമല തീർഥാടകർക്ക് ആശ്വാസമായി വെർച്വൽ ക്യൂ ബുക്കിംഗിൽ കൂടുതൽ പേർക്ക് അവസരം നൽകാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനം. നവംബർ 30 വരെ പ്രതിദിനം 5000 പേർക്ക് അധികമായി ദർശനത്തിന് അനുമതി നൽകും. നവംബർ 21, 22 തീയതികളിൽ ആനുപാതികമായി സ്പോട്ട് ബുക്കിങ്ങിലും വർധന വരുത്തും.തിരക്ക് നിയന്ത്രിക്കുന്നതിനും കൂടുതൽ പേർക്ക് സുഗമമായി ദർശനം നടത്തുന്നതിനുമാണ് ബോർഡിന്റെ നടപടി. തീർഥാടകർക്ക് സുരക്ഷിതമായ ദർശനം ഉറപ്പാക്കാൻ മരക്കൂട്ടം മുതൽ സന്നിധാനം വരെ 2000 പൊലിസുകാരെ വിന്യസിച്ചതായി പൊലീസ് സ്പെഷൽ ഓഫീസർ ജി. ജയ്ദേവ് അറിയിച്ചു. കരുതൽ സേനാംഗങ്ങളും സംഘത്തിലുണ്ട്.ക്യൂ നിയന്ത്രിക്കുന്നതിനൊപ്പം സുരക്ഷാ നിർദേശങ്ങൾ കർശനമായി നടപ്പാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. 14 ഡിവൈഎസ്പിമാരുടെ നേതൃത്വത്തിലാണ് പൊലിസുകാരെ വിവിധ മേഖലകളിലായി വിന്യസിച്ചിരിക്കുന്നത്. ശരംകുത്തിയിൽ 76 പേരെയും ക്യൂ കോംപ്ലക

ടെക്നോപാർക്ക് സ്പേസ്ടെക് സ്റ്റാർട്ടപ്പ് ഹെക്സ്20 അടുത്തവർഷം 'നിള-3' വിക്ഷേപിക്കും

ഈ ദൗത്യത്തിനായി സ്കൈറൂട്ട് എയ്റോസ്പേസ്, എക്സോലോഞ്ച്, ഓംസ്പേസ് എന്നിവയുമായി കൈകോർക്കും

തിരുവനന്തപുരം: സ്വകാര്യ മേഖലയിൽ ഇന്ത്യയുടെ ആദ്യത്തെ സ്വകാര്യ പെലോഡ്-ഹോസ്റ്റിങ് ഉപഗ്രഹം നിർമ്മിച്ച ടെക്നോപാർക്ക് ആസ്ഥാനമായ സ്പേസ് ടെക് സ്റ്റാർട്ടപ്പ് ഹെക്സ്20 നിള പരമ്പരയിലെ മൂന്നാമത്തെ ബഹിരാകാശ പേടകമായ 'നിള-3' അടുത്ത വർഷം വിക്ഷേപിക്കും. സ്കൈറൂട്ട് എയ്റോസ്പേസിൻറെ 'വിക്രം-1' വിക്ഷേപണ ട്രാൻസ്പോർട്ടറിലായിരിക്കും ഇത് വിക്ഷേപിക്കുക.

ഈ ബഹിരാകാശ ദൗത്യത്തിനായി ഹെക്സ്20 ഹൈദരാബാദ് ആസ്ഥാനമായ സ്കൈറൂട്ട് എയ്റോസ്പേസ്, ജർമ്മനിയിലെ എക്സോലോഞ്ച്, യുകെ ആസ്ഥാനമായ ഓംസ്പേസ് എന്നിവയുമായി സഹകരിക്കും. സ്വകാര്യ മേഖലയിൽ വികസിപ്പിച്ച ഇന്ത്യയിലെ ആദ്യത്തെ ഓർബിറ്റൽ-ക്ലാസ് റോക്കറ്റായ 'വിക്രം-1' ഈ വർഷം ജൂലൈയിൽ സ്കൈറൂട്ട് എയ്റോസ്പേസ് വിജയകരമായി വിക്ഷേപിച്ചിരുന്നു.

ഹെക്സ്20യുടെ നിള-3 4യു ബഹിരാകാശ പേടകം ഭ്രമണപഥത്തിലെ പരീക്ഷണ-പ്രകടനത്തിനായി ഓംസ്പേസിൻറെ ഉയർന്ന താപനിലയിലുള്ള റെസിസ്റ്റോജെറ്റ് വഹിക്കും. എക്സോലോഞ്ചിൻറെ 8യു ഡിസ്പെൻസറിൽ നിന്നായിരിക്കും ഇത് വിന്യസിക്കുക. സ്കൈറൂട്ട് എയ്റോസ്പേസിൻറെ തന്നെ 4യു 'സ്കോപ്' ഉപഗ്രഹവും ഇതേ ഡിസ്പെൻസറിലായിരിക്കും ഉണ്ടാവുക.

ഹെക്സ്20 നിർമ്മിച്ച ബഹിരാകാശ പേടകം സ്കൈറൂട്ട് എയ്റോസ്പേസിൻറെ വിക്ഷേപണ ട്രാൻസ്പോർട്ടറിൽ ഒരു അന്താരാഷ്ട്ര ഉപഭോക്താവിനായി വിക്ഷേപിക്കുന്നത് ബഹിരാകാശ മേഖലയിലെ മേക്ക് ഇൻ ഇന്ത്യ എന്ന ആശയത്തോട് ചേരുന്നതാണ്.

നിള-3 എക്സോലോഞ്ച് വഴി സ്പേസ് എക്സ് ട്രാൻസ്പോർട്ടറിൽ വിക്ഷേപിക്കാനായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നതെന്ന് ഹെക്സ്20 സഹസ്ഥാപകനും സിഇഒയുമായ അമൽ ചന്ദ്രൻ പറഞ്ഞു. അത് സ്കൈറൂട്ട് എയ്റോസ്പേസിൻറെ വിക്ഷേപണ ട്രാൻസ്പോർട്ടറിലേക്ക് മാറ്റുന്നത് ഇന്ത്യൻ ബഹിരാകാശ ആവാസവ്യവസ്ഥയുടെ വളർച്ചയെ അടയാളപ്പെടുത്തുന്ന നിമിഷമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബഹിരാകാശ മേഖലയെ കൂടുതൽ പ്രാപ്യമാക്കാൻ ശക്തമായ പങ്കാളിത്തം ആവശ്യമാണെന്ന് സ്കൈറൂട്ട് എയ്റോസ്പേസ് സഹസ്ഥാപകനും സിഇഒയുമായ പവൻ കുമാർ ചന്ദന പറഞ്ഞു. വിക്ഷേപണം, ഉപഗ്രഹ നിർമ്മാണം, വിന്യാസം, പ്രൊപ്പൽഷൻ എന്നീ കഴിവുകളുള്ള നാല് കമ്പനികളെ ഈ ദൗത്യം ഒന്നിപ്പിക്കുന്നു. അന്താരാഷ്ട്ര ഉപഭോക്തൃ-പങ്കാളി ശൃംഖല വിപുലീകരിക്കുന്നതിനൊപ്പം ഈ സാങ്കേതികവിദ്യകളെ വിക്രം-1ൽ ഒരുമിപ്പിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രാരംഭ ചർച്ചകളിൽ നിന്ന് രണ്ട് മാസത്തിനുള്ളിൽ ഉണ്ടായ പുരോഗതി വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന വിക്ഷേപണ സാഹചര്യങ്ങളിൽ കമ്പനികളുടെ കൂട്ടായ പ്രവർത്തനത്തിലൂടെയുള്ള നേട്ടത്തെ അടയാളപ്പെടുത്തുവെന്ന് എക്സോലോഞ്ച് ചീഫ് റവന്യൂ ഓഫീസർ മിസ്റ്റർ കിയർ ഫോർട്ടിയർ പറഞ്ഞു. ഹെക്സ്20, എക്സോലോഞ്ച്, സ്കൈറൂട്ട്, ഓംസ്പേസ് എന്നിവ തമ്മിലുള്ള സഹകരണം സ്കൈറൂട്ടിൻറെ വിക്രം ലോഞ്ച് വെഹിക്കിളിലെ ആദ്യ വിക്ഷേപണമാണെന്നും ഇത് ഭാവിയിലെ നിരവധി ദൗത്യങ്ങൾക്ക് വഴിയൊരുക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

ജൂലൈയിൽ സ്കൈറൂട്ടിൻറെ വിജയകരമായ ആദ്യ ഭ്രമണപഥ യാത്ര ബഹിരാകാശത്തിലേക്കുള്ള സ്വതന്ത്ര പ്രവേശനത്തിലെ നാഴികക്കല്ലായിരുന്നുവെന്ന് ഓംസ്പേസ് സ്ഥാപകനും സിഇഒയുമായ ഡോ. ഫെഡറിക്കോ റോമെയ് പറഞ്ഞു. ഹെക്സ്20, എക്സോലോഞ്ച് എന്നിവയുമായി ചേർന്നുള്ള വിക്രമിലെ ആദ്യ ദൗത്യം ബഹിരാകാശ യാത്രാ പാരമ്പര്യത്തിന് ഏറെ പ്രാധാന്യമുള്ള ഈ ഘട്ടത്തിൽ ഓംസ്പേസിനെ സംബന്ധിച്ച് പുതിയ പാത തുറക്കാൻ പോന്നതാണ്. ലോകമെമ്പാടുമുള്ള വിദഗ്ധ കമ്പനികൾ കഴിവുകൾ പരസ്പരം സംഭാവന ചെയ്ത് നേട്ടങ്ങൾ ഒരുമിച്ച് കൈവരിക്കുന്ന രീതിയാണ് ആഗോള ബഹിരാകാശ സമ്പദ്വ്യവസ്ഥയിൽ ഇപ്പോൾ നിലനിൽക്കുന്നത്. ഈ യൂറോപ്യൻ-ഇന്ത്യൻ പങ്കാളിത്തത്തിൻറെ ഭാഗമാകുന്നതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ജർമ്മനിയിലെ ബ്രെമെനിൽ നടന്ന സ്പേസ് ടെക് എക്സ്പോയിലാണ് യൂറോപ്പ് 2026 ൽ നാല് കമ്പനികളും സഹകരണം പ്രഖ്യാപിച്ചത്.



നിള-3 വിക്ഷേപണ ദൗത്യത്തിനായുള്ള സഹകരണം പ്രഖ്യാപിക്കുന്ന വേളയിൽ സ്കൈറൂട്ട് എയ്റോസ്പേസ് ബിസിനസ് വിഭാഗം സീനിയർ വൈസ് പ്രസിഡന്റ് ബാലാജി കാമിനേനി, ഓംസ്പേസ് സ്ഥാപകനും സിഇഒയുമായ ഡോ. ഫെഡറിക്കോ റോമെയ്, എക്സോലോഞ്ച് സിഇഒ ഡോ. റോബർട്ട് ഡബ്ല്യു. സ്പ്രോൾസ്, ഹെക്സ്20 സഹസ്ഥാപകനും സിജിഒയുമായ ലോയ്ഡ് ജേക്കബ് ലോപ്പസ് എന്നിവർ.

മുംബൈയിൽ സ്കൂട്ടറിനു പിന്നിൽ ട്രക്ക് ഇടിച്ച് യുവതി മരിച്ചു

മുംബൈ: മഹാരാഷ്ട്രയിലെ പൽഗാറിൽ സ്കൂട്ടറിനു പിന്നിൽ കണ്ടെയ്നർ ട്രക്കിടിച്ച് യുവതി മരിച്ചു. ഖാരിവാലി സ്വദേശി അങ്കിത ജാദവ് (32) ആണ് മരിച്ചത്. വ്യാഴാഴ്ച യാണ് സംഭവം.അപകടത്തിൻറെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ട്രക്കിൻറെ ടയർ യുവതിയുടെ ശരീരത്തിലൂടെ കയറിയിറങ്ങുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ അങ്കിതയെ ഉടൻ തന്നെ സമീപത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ദേശീയപാതയിൽ കോൺക്രീറ്റ് പണികൾ നടക്കുന്നതിനാൽ വാഹനഗതാഗതം ഒറ്റവരിയിലൂടെയാണ് കടത്തിവിടുന്നത്. ഇത് പ്രദേശത്ത് രൂക്ഷമായ ഗതാഗതക്കുരുക്കിന് ഇടയാക്കുന്നുണ്ടെന്ന് നാട്ടുകാർ ചൂണ്ടിക്കാണിക്കുന്നു. നിർമാണ മേഖലയിൽ ആവശ്യത്തിന് മുന്നറിയിപ്പ് ബോർഡുകളോ ബാരിക്കേഡുകളോ ഇല്ലെന്നും ഗതാഗതം നിയന്ത്രിക്കാൻ ജീവനക്കാരില്ലാത്തതുമാണ് അപകടങ്ങൾക്ക് വഴിവയ്ക്കുന്നത് എന്ന ആരോപണവുമായി പ്രദേശവാസികൾ രംഗത്തെത്തി.

ഡൽഹിയിൽ നാലുനില കെട്ടിടത്തിനു തീപിടിച്ച് ഒരാൾ മരിച്ചു

ന്യൂഡൽഹി: ലജ്പത് നഗറിലെ നാലുനില കെട്ടിടത്തിൻറെ ബേസ്മെൻറിൽ ഉണ്ടായ തീപിടിത്തത്തിൽ ഒരാൾ മരിച്ചു. ഗൗരവ് എന്ന തൊഴിലാളിയാണ് മരിച്ചത്. സംഭവത്തിൽ മറ്റൊരാൾക്ക് ഗുരുതരമായി പൊള്ളലേറ്റിട്ടുണ്ട്.ബുധനാഴ്ച ഉച്ചയോടെയാണ് അപകടമുണ്ടായത്. കെട്ടിടത്തിൻറെ ബേസ്മെൻറിൽ വെൽഡിംഗ് ജോലികൾ നടക്കുന്നതിനിടെ തീ പടരുകയായിരുന്നു എന്നാണ് പ്രാഥമിക വിവരം. തീപിടിത്തത്തെ തുടർന്ന് ബേസ്മെൻറിൽ കുടുങ്ങിയ ഗൗരവിനെ പുറത്തെത്തിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഗുരുതരമായി പൊള്ളലേറ്റ മറ്റൊരാൾ ആശുപത്രിയിൽ ചികിത്സയിൽ തുടരുകയാണ്.അപകടസമയത്ത് കെട്ടിടത്തിൽ ഉണ്ടായിരുന്ന മറ്റുള്ളവരെ സുരക്ഷിതമായി ഒഴിപ്പിക്കാനായി. വിവിധ ഓഫിസുകൾ പ്രവർത്തിക്കുന്ന കെട്ടിടമാണിത്. സംഭവത്തിൽ അന്വേഷണം തുടരുകയാണ്.

ജുവനൈൽ പ്രായപരിധി കുറയ്ക്കുമോ കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് കത്തയച്ച് ചെന്നിത്തല

തിരുവനന്തപുരം: ജുവനൈൽ ജസ്റ്റീസ് ആക്ടിലെ പ്രായപരിധി സംബന്ധിച്ച് ഭേദഗതി ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്കും കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് മന്ത്രി അന്നപൂർണ ദേവിക്കും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല കത്തയച്ചു.

കൗമാര പ്രായക്കാർ നടത്തുന്ന ഗുരുതര കുറ്റകൃത്യങ്ങൾ കണക്കിലെടുത്താണ് അദ്ദേഹം കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് കത്തയച്ചത്.

മാറുന്ന കൗമാരം, മാറേണ്ട നിയമങ്ങൾ! ജുവനൈൽ നിയമം പൊളിച്ചെഴുതേണ്ടതുണ്ടോ

മോദിയുടെ കോർപറേറ്റ് വിമർശനം! ഇതു തന്നെയല്ലേ രാഹുൽ ഗാന്ധിയും പറഞ്ഞിരുന്നത്

ന്യൂഡൽഹി: ലോക്സഭ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി വർഷങ്ങളായി ഉന്നയിക്കുന്ന വിമർശനങ്ങളെ പരോക്ഷമായി ശരിവയ്ക്കുന്നതാണ് മോദിയുടെ തുറന്നുപറച്ചിലെന്നു കോൺഗ്രസ് വൃത്തങ്ങൾ. സാധാരണക്കാരൻറെ നികുതിപ്പണം ഉപയോഗിച്ചു സർക്കാർ നൽകുന്ന കോർപറേറ്റ് നികുതി ഇളവുകൾ വൻകിട മുതലാളിമാരുടെ കീശ വീർപ്പിക്കാൻ മാത്രമാണ് ഉപകരിക്കുന്നതെന്നു രാഹുൽ ഗാന്ധി നിരന്തരം കുറ്റപ്പെടുത്തിയിരുന്നു.

'എത്ര നൽകിയാലും നിങ്ങളുടെ വയറ് നിറയില്ല' എന്ന വ്യവസായികളോടുള്ള പ്രധാനമന്ത്രിയുടെ പരിഹാസം ഈ ആരോപണം ശരിവയ്ക്കുന്നതാണെന്നു കോൺഗ്രസ് വൃത്തങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

കോർപറേറ്റുകളുടെ ലാഭം കുതിച്ചുയരുമ്പോഴും രാജ്യത്തു തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ലെന്നും യുവാക്കൾ നിരാശയിലാണെന്നുമായിരുന്നു രാഹുൽ ഗാന്ധിയുടെ മറ്റൊരു പ്രധാന വിമർശനം. 'നിങ്ങൾ ജീവനക്കാരുടെ ശമ്പളം വർധിപ്പിച്ചോ, പുതിയ ആളുകൾക്ക് ജോലി നൽകിയോ ഇല്ല' എന്നു വ്യവസായികളുടെ മുഖത്തുനോക്കി പ്രധാനമന്ത്രിക്കു ചോദിക്കേണ്ടിവന്നത് തൊഴിൽമേഖലയിലെ പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നു.

വൻകിട കമ്പനികൾ ഇന്ത്യയിൽ പുതിയ വ്യവസായങ്ങൾ തുടങ്ങാനോ ഉത്പാദന മേഖലയിൽ നിക്ഷേപിക്കാനോ തയാറാകുന്നില്ലെന്ന രാഹുൽ ഗാന്ധിയുടെ വാദത്തെയും സർക്കാർ കണക്കുകൾ ശരിവയ്ക്കുന്നു. കോർപറേറ്റുകൾക്കുവേണ്ടി പ്രവർത്തിക്കുന്ന സർക്കാരെന്ന പ്രതിപക്ഷത്തിൻറെ 'സ്യൂട്ട്ബൂട്ട് കി സർക്കാർ' പ്രയോഗത്തെ പ്രതിരോധിക്കാൻ കേന്ദ്രസർക്കാർ എക്കാലവും ശ്രമിച്ചിട്ടുണ്ട്. എന്നാൽ 'മോദിജി നിങ്ങൾ എല്ലാം ചെയ്യൂ, ഞങ്ങൾ നോക്കിനിൽക്കാം' എന്നതാണു വ്യവസായികളുടെ മനോഭാവമെന്ന് പ്രധാനമന്ത്രിക്കുതന്നെ തുറന്നുപറയേണ്ടിവന്നത് നയപരമായ തിരിച്ചടിയായാണ് സാമ്പത്തിക വിദഗ്ധർ കാണുന്നത്.

അമേരിക്കയിലെ കൊളംബിയ സർവകലാശാലയിൽ സംസാരിക്കവേ, ഇന്ത്യ ഒരു വലിയ സാമ്പത്തിക ദുരന്തത്തിൻറെ വക്കിലാണെന്നും രാജ്യത്തു തൊഴിലില്ലായ്മ രൂക്ഷമാണെന്നും രാഹുൽ ഗാന്ധി ആരോപിച്ചിരുന്നു. ഫിക്കി സമ്മേളനത്തിൽ ഈ ആരോപണങ്ങളെ തള്ളിപ്പറഞ്ഞ പ്രധാനമന്ത്രി, കഴിഞ്ഞ 12 വർഷത്തിനിടെ 50 കോടി ജനങ്ങൾ ദാരിദ്ര്യത്തിൽ നിന്നു കരകയറിയെന്നും രാജ്യം അതിവേഗം വളരുകയാണെന്നും അവകാശപ്പെട്ടു. എന്നാൽ, ഇതേ പ്രസംഗത്തിൽത്തന്നെ കോർപറേറ്റുകളുടെ ആർത്തിക്കെതിരേ അദ്ദേഹം ഉന്നയിച്ച ചോദ്യങ്ങൾ രാഹുൽ ഗാന്ധിയുടെ വാദങ്ങളെ പരോക്ഷമായി ശരിവയ്ക്കുന്നതായി മാറി.

സാധാരണക്കാർ നൽകുന്ന ആദായനികുതി കോർപറേറ്റ് നികുതിയെ മറികടക്കുകയും പണപ്പെരുപ്പം കാരണം യഥാർഥ ശമ്പള വളർച്ച 2.91 ശതമാനത്തിലേക്കു ചുരുങ്ങുകയും ചെയ്ത സാഹചര്യത്തിൽ, കോർപറേറ്റ് ചൂഷണത്തിനെതിരേ രാഹുൽ ഗാന്ധി ഉയർത്തിയ രാഷ്ട്രീയ ആയുധത്തിനു പ്രധാനമന്ത്രിയുടെ വാക്കുകൾ കൂടുതൽ മൂർച്ച കൂട്ടിയിരിക്കുകയാണ്.

പെൻഷൻ തുകയെ ചൊല്ലി തർക്കം: വയോധികയെ കൊന്ന് ഡാമിൽ തള്ളിയ കൊച്ചുമകൻ അറസ്റ്റിൽ

ബംഗളൂരു: കർണാടക സർക്കാരിൻറെ ഗൃഹലക്ഷ്മി പദ്ധതിയിലൂടെ അക്കൗണ്ടിലെത്തിയ പണം വിട്ടുനൽകാത്തതിൻറെ പേരിൽ മുത്തശിയെ കൊലപ്പെടുത്തി മൃതദേഹം ഡാമിൽ തള്ളിയ കേസിൽ യുവാവിനെ പൊലിസ് അറസ്റ്റ് ചെയ്തു. ബെലഗാവി സ്വദേശി ഹമ്മവ്വ ബാലപ്പ സനദിയാണ് (78) കൊല്ലപ്പെട്ടത്. സംഭവത്തിൽ കൊച്ചുമകൻ ഭീമപ്പ രാമപ്പ സനദിയെയാണ് (20) പൊലിസ് അറസ്റ്റ് ചെയ്തത്.

നവംബർ 10ന് പാഷാപൂർ ചന്തയിലേക്ക് പോയ ഹമ്മവ്വയെ പിന്നീട് കാണാതാവുകയായിരുന്നു. തുടർന്ന് നവംബർ 15ന് കല്ലുകൾ നിറച്ച രണ്ട് ചാക്കുകളിൽ കെട്ടിയ നിലയിൽ മൃതദേഹം കണ്ടെത്തി. മകൾ ഭീമവ്വ പരസപ്പ ഇറാനട്ടി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പൊലിസ് അന്വേഷണം നടത്തി പ്രതിയെ പിടികൂടിയത്.

ഗൃഹലക്ഷ്മി പദ്ധതി വഴി ലഭിക്കുന്ന പണം ആവശ്യപ്പെട്ട് ഭീമപ്പ നേരത്തെ മുതൽ മുത്തശിയുമായി തർക്കിക്കാറുണ്ടായിരുന്നു. നവംബർ 10ന് ചന്തയിലേക്ക് പോവുകയായിരുന്ന ഹമ്മവ്വയെ ബൈക്കിൽ കയറ്റി അരളിക്കട്ടിക്ക് സമീപമുള്ള ഗവിസിദ്ധേശ്വര കുന്നിൻപ്രദേശത്തെ ആളൊഴിഞ്ഞ സ്ഥലത്ത് എത്തിച്ച ശേഷമാണ് കൊലപ്പെടുത്തിയതെന്ന് പൊലിസ് വ്യക്തമാക്കി. പണം നൽകാൻ വിസമ്മതിച്ചതോടെ മുത്തശിയെ തള്ളിയിട്ട ശേഷം കൈകൊണ്ട് കഴുത്തു ഞെരിക്കുകയും തുടർന്ന് കയർ മുറുക്കി ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തുകയുമായിരുന്നു.കൊലപാതകത്തിന് ശേഷം ഹമ്മവ്വയുടെ കൈവശമുണ്ടായിരുന്ന 2,300 രൂപയെടുത്ത ഭീമപ്പ, സമീപത്തെ പാഷാപൂർ ചന്തയിൽ പോയി രണ്ട് ചാക്കുകൾ വാങ്ങിക്കൊണ്ടുവന്നു. ധരിച്ചിരുന്ന സ്വർണമാലകൾ ഊരിയെടുത്ത ശേഷം മൃതദേഹം ചാക്കിൽ നിറച്ച് കല്ലുകളും ചേർത്ത് അന്ന് രാത്രി ബൈക്കിൽ കൊണ്ടുപോയി ഹിഡ്കൽ ഡാമിൽ തള്ളുകയായിരുന്നു. ചാക്ക് വാങ്ങിയ കടയുടമയെ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണമാണ് പ്രതിയിലേക്ക് എത്താൻ പൊലിസിനെ സഹായിച്ചത്.അറസ്റ്റ് രേഖപ്പെടുത്തിയ ശേഷം പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. സംഭവത്തിൽ പൊലിസ് വിശദമായ അന്വേഷണം തുടരുകയാണ്.

പൊലിസ് ഏറ്റുമുട്ടൽ; ദാവൂദ് ഇബ്രാഹിമുമായി ബന്ധമുള്ള ഗുണ്ടാനേതാവ് കൊല്ലപ്പെട്ടു

ന്യൂഡൽഹി: ഡൽഹിയിലെ വെടിവയ്പ് കൊലപാതക കേസിൽ അന്വേഷണം നേരിട്ടിരുന്ന ഗുണ്ടാനേതാവ് നസീം ദുറാനി (37) പൊലിസ് ഏറ്റുമുട്ടലിൽ മരിച്ചു. ഉത്തർപ്രദേശിലെ ബുലന്ദ്ശഹറിൽ ഡൽഹി പൊലീസും നോയിഡ സ്പെഷൽ ടാസ്ക് ഫോഴ്സും ചേർന്ന് നടത്തിയ സംയുക്ത നീക്കത്തിനിടെയാണ് ഇയാൾ കൊല്ലപ്പെട്ടത്.വടക്കുകിഴക്കൻ ഡൽഹിയിലെ ഖജൂരി ഖാസിലുള്ള നിയമമന്ത്രി കപിൽ മിശ്രയുടെ ഓഫിസിന് സമീപത്തുവച്ച് മുസ്തഫാബാദ് നിവാസിയായ സമീർ (26) എന്ന യുവാവിനെ വെടിവച്ചു കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ടാണ് ദുറാനിയെ പൊലിസ് തിരഞ്ഞിരുന്നത്. നവംബർ 16നായിരുന്നു സംഭവം. സമീറിന് നേരെ ദുറാനി ഇരുപതോളം റൗണ്ട് വെടിയുതിർത്തതായാണ് വിവരം. ഹാറൂൺ സൈഫി ഗ്രൂപ്പുമായി നിലനിന്നിരുന്ന മുൻവൈരാഗ്യമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് അന്വേഷണ സംഘം കരുതുന്നു.ദാവൂദ് ഇബ്രാഹിമിൻറെ അധോലോക സംഘടനയായ ഡി കമ്പനിയുമായും ഛോട്ടാ ഷക്കീലുമായും അടുത്ത ബന്ധം പുലർത്തിയിരുന്നയാളാണ് 'റിസ്വാൻ' എന്നും അറിയപ്പെടുന്ന ദുറാനി. 2016ൽ ജയിലിൽ കഴിയുന്ന ഛോട്ടാ രാജനെ ആക്രമിക്കാൻ ഷക്കീൽ നിയോഗിച്ചത് ദുറാനിയെയായിരുന്നുവെന്ന് റിപ്പോർട്ടുകളുണ്ട്. കൊലപാതകം, വധശ്രമം, പിടിച്ചുപറി തുടങ്ങി 20ലധികം കേസുകൾ ഇയാളുടെ പേരിലുണ്ട്.ബുലന്ദ്ശഹർ സ്വദേശിയായ ദുറാനിയെക്കുറിച്ച് വിവരം നൽകുന്നവർക്ക് പൊലിസ് 50,000 രൂപ പ്രതിഫലം പ്രഖ്യാപിച്ചിരുന്നു. വടക്കുകിഴക്കൻ ഡൽഹിയിൽ പിടിമുറുക്കാൻ ശ്രമിച്ചിരുന്ന ഇയാൾക്ക് 'അക്കി ഡോൺ' എന്ന രാജാ മേവാതിയുടെ സംഘവുമായി രൂക്ഷമായ സംഘർഷങ്ങൾ നിലനിന്നിരുന്നു. ലഹരിമരുന്ന് കടത്ത്, വാതുവയ്പ്പ്, ഭീഷണിപ്പെടുത്തി പണം തട്ടൽ എന്നിവയെ ചൊല്ലിയുള്ള തർക്കങ്ങളാണ് ഇരുവിഭാഗങ്ങളും തമ്മിലുള്ള ശത്രുതയ്ക്ക് കാരണമെന്ന് പൊലിസ് വ്യക്തമാക്കി.

വിദേശത്ത് ഗെയിമിംഗ് തരംഗം, ഇന്ത്യയിൽ വിമർശനമോ ജിടിഎ6 ചർച്ചകൾ കത്തിക്കയറുന്നു

ന്യൂഡൽഹി: ഒരു വീഡിയോ ഗെയിം റിലീസ് എങ്ങനെയാണ് ഇന്ത്യൻ രാഷ്ട്രീയത്തിലെ പുതിയ ചർച്ചാവിഷയമായി മാറിയത് ജിടിഎ 6 ട്രെൻഡ് ഉപയോഗിച്ച് വികസന നേട്ടങ്ങൾ അവതരിപ്പിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സോഷ്യൽ മീഡിയ പോസ്റ്റിന് പിന്നാലെ ഉയർന്നുവന്ന അനുകൂലപ്രതികൂല പ്രതികരണങ്ങളാണ് ഇപ്പോൾ ശ്രദ്ധ നേടുന്നത്.

ജിടിഎ 6 പുറത്തിറങ്ങിയ പശ്ചാത്തലത്തിൽ, 2013ൽ ജിടിഎ 5 ഇറങ്ങിയ കാലവുമായി താരതമ്യം ചെയ്തുകൊണ്ട് കഴിഞ്ഞ 12 വർഷത്തെ ഇന്ത്യയുടെ വികസന നേട്ടങ്ങൾ നിരത്തുന്ന ഗ്രാഫിക്സുകൾ പ്രധാനമന്ത്രി സോഷ്യൽ മീഡിയയിൽ പങ്കുവെച്ചിരുന്നു. "India is playing a whole new game" എന്ന അടിക്കുറിപ്പോടെയാണ് അദ്ദേഹം ഈ പോസ്റ്റ് പങ്കുവെച്ചത്.

ശുചിത്വ പരിരക്ഷ, സൗരോർജ ശേഷി, റെയിൽവേ വൈദ്യുതീകരണം, ഇൻറർനെറ്റ് നിരക്കിലെ കുറവ്, പ്രതിരോധ കയറ്റുമതി, നക്സൽ ബാധിത ജില്ലകളുടെ കുറവ് തുടങ്ങിയ കണക്കുകളാണ് അതിൽ ഉൾപ്പെടുത്തിയിരുന്നത്.

എന്നാൽ, യുവാക്കളിലേക്ക് എത്താനുള്ള ശ്രമത്തിൻറെ ഭാഗമായാണ് പ്രധാനമന്ത്രി ജിടിഎ5, 6 ചിത്രങ്ങൾ ഉപയോഗിച്ചതെന്ന് കോൺഗ്രസ് നേതാവ് ജയറാം രമേശ് വിമർശിച്ചു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഒരു ജോഡിയുടെ കഥ പറയുന്ന ഗെയിമിൻറെ പ്രതീകങ്ങൾ രാഷ്ട്രീയ പ്രചരണത്തിന് ഉപയോഗിച്ചത് വിരോധാഭാസമാണെന്നും അദ്ദേഹം പരിഹസിച്ചു.

പിന്നാലെ, ഗെയിമിംഗ് ട്രെൻഡിനൊപ്പം ചേർന്നതിനെ കൗതുകത്തോടെ കണ്ടവരുണ്ടെങ്കിലും, വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങിയ വിഷയങ്ങൾ ചൂണ്ടിക്കാട്ടി വികസന അവകാശവാദങ്ങളെ ചോദ്യം ചെയ്യുന്ന പോസ്റ്റുകളും ട്രോളുകളും സോഷ്യൽ മീഡിയയിൽ പ്രത്യക്ഷപ്പെട്ടു.

ഇന്ത്യയിലെ രാഷ്ട്രീയസാമൂഹിക പശ്ചാത്തലത്തിൽ ഒരു പോപ്പ് കൾച്ചർ അല്ലെങ്കിൽ ഗെയിമിംഗ് റഫറൻസ് പോലും എതിരാളികൾക്ക് വിമർശനത്തിനും പരിഹാസത്തിനുമുള്ള ആയുധമായി മാറുന്ന കാഴ്ചയാണ് ഇവിടെ കണ്ടത്.

ഡിജിറ്റൽ സമ്പദ്വ്യവസ്ഥയുടെയും യുവതലമുറയുടെയും പ്രതീകമായി ജിടിഎ 6 പോലെയുള്ള പ്രോജക്ടുകളെ ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ പ്രോത്സാഹിപ്പിക്കുമ്പോൾ, ഇന്ത്യയിൽ അതൊരു 'അനാവശ്യ മുൻഗണനയായോ' സാമൂഹിക പ്രശ്നമായോ മാറുന്നത് ശരിയാണോ

രാജ്യങ്ങളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലങ്ങൾ എങ്ങനെയാണ് ഇത്തരം വിഷയങ്ങളിലെ രാഷ്ട്രീയ നിലപാടുകളെ നിർണയിക്കുന്നത് എന്ന് പരിശോധിക്കാം.

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

ക്ലാസും മാസും നിറഞ്ഞ ഓപ്പറേഷൻ; മമ്മൂട്ടി ധനുഷ് സായി പല്ലവി ചിത്രം 'ഒ.എം' കയ്യടി നേടുന്നു



മികച്ച തിരക്കഥയും വൈകാരികമായി പ്രേക്ഷകരെ ചേർത്തു നിർത്തുന്ന കഥാപാത്രങ്ങളും ത്രില്ലടിപ്പിക്കുന്ന ആക്ഷൻ രംഗങ്ങളുമായി രാജ്കുമാർ പെരിയസാമി ചിത്രം 'ഒ.എം' പ്രദർശനത്തിനെത്തി. ധനുഷ്, സായ് പല്ലവി, മമ്മൂട്ടി എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്ന തമിഴ് ചിത്രം 'ഒ.എം' (ഛ ങ) മികച്ച പ്രേക്ഷക പ്രതികരണങ്ങൾ നേടുന്നു. ചിത്രത്തിന്റെ തിരക്കഥയ്ക്കും സംവിധാന മികവിനും അഭിനേതാക്കളുടെ പ്രകടനത്തിനും പ്രശംസയുമായി പ്രേക്ഷകരും നിരൂപകരും രംഗത്തെത്തിയിട്ടുണ്ട്.

ആദ്യ പകുതിയിൽ കഥയുടെ പശ്ചാത്തലം ശക്തമായി സ്ഥാപിക്കുന്ന ചിത്രം രണ്ടാം പകുതിയിൽ മികച്ച വേഗതയും ആവേശവും കൈവരിക്കുന്നുവെന്നാണ് പുറത്തുവരുന്ന നിരൂപണങ്ങളിലെ പ്രധാന വിലയിരുത്തൽ. വൈകാരിക രംഗങ്ങളും ത്രില്ലർ സ്വഭാവമുള്ള മുഹൂർത്തങ്ങളും കൃത്യമായി കോർത്തിണക്കിയ തിരക്കഥയാണ് ചിത്രത്തിന്റെ പ്രധാന കരുത്തായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. സംവിധായകൻ രാജ്കുമാർ പെരിയസാമിയുടെ രചനയും അവതരണരീതിയും പ്രത്യേകം എടുത്ത് പറയേണ്ടവയാണ്. ഇടവേളയ്ക്ക് തൊട്ടുമുമ്പുള്ള രംഗം മുതൽ കഥയെ കൂടുതൽ തീവ്രതയിലേക്ക് നയിക്കുന്ന രീതി ശ്രദ്ധേയമാണെന്നാണ് പ്രേക്ഷകരുടെ അഭിപ്രായം. പ്രേക്ഷകരുടെ വികാരങ്ങളെ നിർബന്ധിച്ച് സ്വാധീനിക്കാൻ ശ്രമിക്കാതെ സ്വാഭാവികമായി കഥയിലൂടെ വൈകാരികത സൃഷ്ടിക്കുന്നതാണ് സംവിധായകന്റെ മികവെന്നും നിരൂപണം ചൂണ്ടിക്കാട്ടുന്നു.

ആക്ഷൻ രംഗങ്ങളിലും ചിത്രം വ്യത്യസ്തമായ അനുഭവമാണ് സമ്മാനിക്കുന്നത്. കാട്ടിനുള്ളിലെ സംഘട്ടനരംഗം പക്കാ കൊമേഴ്സ്യൽ ആക്ഷൻ അനുഭവം നൽകുമ്പോൾ ക്ലൈമാക്സിലെ ജയിൽ കലാപരംഗം കടുത്ത പിരിമുറുക്കം നിറഞ്ഞതാണ്. ഈ രണ്ട് രംഗങ്ങളുടെയും അവതരണത്തിലെ വ്യത്യസ്തത സംവിധായകന്റെ മികവ് വ്യക്തമാക്കുന്നുണ്ട്. ചിത്രത്തിലെ രാഷ്ട്രീയ പശ്ചാത്തലവും കഥയോട് സ്വാഭാവികമായി ഇഴചേർന്നിരിക്കുന്നുവെന്നതും ശ്രദ്ധേയമാണ്.

ധനുഷ്, സായ് പല്ലവി, മമ്മൂട്ടി എന്നിവരടങ്ങുന്ന പ്രധാന താരനിരയുടെ പ്രകടനത്തിനും മികച്ച പ്രശംസയാണ് ലഭിക്കുന്നത്. നിരവധി വൈകാരിക തലങ്ങളിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങളെ മുഴുവനും മികച്ച രീതിയിൽ അവതരിപ്പിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തൽ. ധനുഷിന്റെ ആക്ഷൻ രംഗങ്ങൾക്ക് കയ്യടി ലഭിക്കുന്നുണ്ട്. മമ്മൂട്ടി എന്ന മെഗാ താരത്തിന് മേൽ മമ്മൂട്ടി എന്ന നടനെ എടുത്തു കാണിക്കുന്നതിൽ സംവിധായകൻ വിജയിച്ചിട്ടുണ്ട്. സായി പല്ലവിയുടെ കരിയറിൽ തന്നെ വേറിട്ട് നിൽക്കുന്ന കഥാപാത്രമാണ് ചിത്രത്തിലെ നിത്യ റെഡ്ഡി. ഇന്ദ്രൻസ്, ശ്രീലീല, നസ്രുദീൻ ഷാ എന്നിവരുടെ പ്രകടനവും മികച്ചു നിന്നു. സംഗീത സംവിധായകൻ സായ് അഭ്യങ്കറിന്റെ സംഭാവനയും പ്രത്യേകം എടുത്തു പറയേണ്ടവയാണ്. ചിത്രത്തിന്റെ മികവിന് മാറ്റ് കൂട്ടുന്ന സംഗീതമാണ് അദ്ദേഹം ഒരുക്കിയിരിക്കുന്നതെന്നാണ് പ്രേക്ഷകരും നിരൂപകരും ഒരുപോലെ വിലയിരുത്തുന്നത്.

പതിവ് മാസ് മസാല സിനിമകളുടെ ചേരുവകളിൽ ഒതുങ്ങാതെ മികച്ച തിരക്കഥയും ശക്തമായ കഥാപാത്രങ്ങളും ആക്ഷനും രാഷ്ട്രീയ പശ്ചാത്തലവും ഒരുമിപ്പിക്കുന്ന പാക്കേജ് എന്റർടെയ്നറായാണ് 'ഒ.എം'. കേരളത്തിലും മികച്ച പ്രതികരണമാണ് 'ഒ.എം' നേടുന്നത്. ചിത്രം കേരളത്തിൽ വിതരണം ചെയ്യുന്നത് ബിനു ജോർജ് അലക്സാണ്ടർ പ്രൊഡക്ഷൻസാണ്. അതിരാവിലെ തന്നെ തിയേറ്ററുകളിലെത്തിയ ചിത്രം പ്രേക്ഷകർക്കിടയിൽ ചർച്ചയാകുമ്പോൾ, പതിവ് വാണിജ്യ സിനിമകളിൽനിന്ന് വ്യത്യസ്തമായ ഒരു ക്ലാസ് മാസ് അനുഭവമാണ് 'ഒ.എം' സമ്മാനിക്കുന്നതെന്നാണ് പ്രേക്ഷക പ്രതികരണം. ശക്തമായ തിരക്കഥയും വൈകാരിക മുഹൂർത്തങ്ങളും ആവേശം പകരുന്ന ആക്ഷൻ രംഗങ്ങളും ഒരുപോലെ ആസ്വദിക്കാനാകുന്ന സിനിമയെന്ന നിലയിലാണ് 'ഒ.എം' ശ്രദ്ധ നേടുന്നത്.

ലോക്സഭാ പോരാട്ടത്തിന് പുതിയ ടീം; സർജിക്കൽ സ്ട്രൈക്കുമായി ഖാർഗെ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് കോൺഗ്രസിൽ വൻ അഴിച്ചുപണി. വിവിധ സംസ്ഥാനങ്ങളുടെയും സംഘടനാ വിഭാഗങ്ങളുടെയും ചുമതലകളിലേക്ക് 81 പുതിയ ദേശീയ സെക്രട്ടറിമാരെ നിയമിച്ചു. പുതിയ നിയമനങ്ങൾ ഉടൻ പ്രാബല്യത്തിൽ വരുമെന്ന് പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ വ്യക്തമാക്കി. പുതുതായി നിയമിതരായ ദേശീയ സെക്രട്ടറിമാരിൽ പകുതിയോളം പേർ മറ്റ് പിന്നാക്ക വിഭാഗങ്ങൾ (ഒബിസി), പട്ടികജാതി (എസ്സി), പട്ടികവർഗം (എസ്ടി) വിഭാഗങ്ങളിൽനിന്നുള്ളവരാണ്.

81 ഭാരവാഹികളിൽ 29 പേർ പൊതുവിഭാഗത്തിൽനിന്നുള്ളവരാണ്. 20 പേർ ഒബിസി വിഭാഗത്തിൽനിന്നും അഞ്ചുപേർ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽനിന്നും (ഇബിസി), 11 പേർ പട്ടികജാതി വിഭാഗത്തിൽനിന്നും അഞ്ചു പേർ പട്ടികവർഗ വിഭാഗത്തിൽനിന്നുമാണ്. 11 പേർ ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ളവരുമാണ്. ഇതോടെ പട്ടികജാതി, പട്ടികവർഗ, ഒബിസി, ഇബിസി, ന്യൂനപക്ഷ വിഭാഗങ്ങളിൽനിന്നുള്ളവരുടെ ആകെ പ്രാതിനിധ്യം പുതിയ ഭാരവാഹികളിൽ മൂന്നിൽ രണ്ടിനടുത്തായി.

രാഹുൽ ഗാന്ധി മുന്നോട്ടുവെച്ച സാമൂഹിക നീതി എന്ന ആശയത്തിന് സംഘടനാ പുനഃസംഘടനയിൽ പ്രാധാന്യം നൽകിയതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതേസമയം പുതിയ ഭാരവാഹികളിൽ 12 പേർ വനിതകളാണ്. ആകെ നിയമനങ്ങളുടെ 15 ശതമാനത്തോളം വരുമിത്. ദേശീയ സെക്രട്ടറിമാരുടെ ശരാശരി പ്രായം 49 വയസാണ്. പുതിയ ഭാരവാഹികളിൽ മൂന്നിൽ രണ്ടുപേരും 50 വയസിൽ താഴെയുള്ളവരാണെന്നതും ശ്രദ്ധേയമാണ്. യുവാക്കൾക്കും വിവിധ സാമൂഹിക വിഭാഗങ്ങൾക്കും കൂടുതൽ പ്രാതിനിധ്യം നൽകുകയെന്ന ലക്ഷ്യവും പുനഃസംഘടനയിലുണ്ടെന്നാണ് വിലയിരുത്തൽ.

സംഘടനാ പുനഃസംഘടനയുടെ ഭാഗമായി 43 പുതിയ മുഖങ്ങളെ ദേശീയ സെക്രട്ടറിമാരായി ഉൾപ്പെടുത്തിയപ്പോൾ നേരത്തെയുണ്ടായിരുന്ന 25 പേരെ ചുമതലകളിൽനിന്ന് ഒഴിവാക്കി. ചുമതല നഷ്ടമായവരിൽ മലയാളികളായ ടി.എൻ. പ്രതാപനും റോജി എം. ജോണും ഉൾപ്പെടുന്നു.

അതേസമയം ചില പ്രമുഖ ദേശീയ ഭാരവാഹികളുടെ ചുമതലകളിൽ മാറ്റം വരുത്തിയിട്ടില്ല. 2029ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനാണ് പുതിയ അഴിച്ചുപണി വിലയിരുത്തപ്പെടുന്നത്.

അയ്യപ്പ ദർശനത്തിന് പണം വാങ്ങുന്നു സന്നിധാനത്ത് വിജിലൻസിന്റെ മിന്നൽ പരിശോധന

ശബരിമല: അയ്യപ്പ ദർശനത്തിന് പണം വാങ്ങുന്നുവെന്നും മുറികൾ മറിച്ചു നൽകുന്നുവെന്നുമുള്ള പരാതികളിൽ സന്നിധാനത്തിന് വിജിലൻസിന്റെ മിന്നൽ പരിശോധന. മരാമത്ത് ഉദ്യോഗസ്ഥരുടെ ഓഫീസിലും വ്യാപാര സ്ഥാപനങ്ങളിലുമായിരുന്നു പരിശോധന. നിർദിഷ്ട സ്ഥലത്തിന് പുറത്തേക്ക് വ്യാപാര സ്ഥാപനങ്ങൾ നിർമ്മാണം നടത്തിയിട്ടുണ്ടോ എന്ന പരിശോധനയിൽ നാല് സ്ഥാപനങ്ങൾ കൂടുതൽ സ്ഥലം കൈയേറിയതായി കണ്ടെത്തിയത്.ദർശനത്തിന് പണം വാങ്ങുന്നുവെന്നും മുറികൾ മറിച്ചു നൽകുന്നുവെന്നുമുള്ള പരാതികളും വിജിലൻസ് പരിശോധിച്ചു. അസിസ്റ്റന്റ് എൻജിനീയറുടെയും പ്യൂണിൻറെയും ഫോണുകൾ പിടിച്ചെടുത്തു.

ഇരുവരുടെയും അക്കൗണ്ടുകളിൽ പലരിൽ നിന്നും സംശയാസ്പദമായ പണം എത്തിയതായും കണ്ടെത്തൽ. മരാമത്ത് ഉദ്യോഗസ്ഥരുടെ പരിശോധനകളുടെ വിവരങ്ങളും അനധികൃത പണപ്പിരിവും വിജിലൻസ് പരിശോധിക്കുന്നുണ്ട്.

അതേസമയം വെർച്വൽ ക്യൂ വഴി 66,000 പേർ ബുക്ക് ചെയ്തിട്ടും സന്നിധാനത്തെത്തിയവരുടെ എണ്ണം കുറഞ്ഞു. ഇന്ന് രാവിലെ 11 വരെ ദർശനം നടത്തിയത് 22,000ത്തോളം പേർ മാത്രം. ഈ മാസം മുപ്പത് വരെ പ്രതിദിനം 5000 പേർക്ക് കൂടി വെർച്വൽ ക്യൂ ബുക്കിംഗിന് അനുമതി നൽകാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചു.

ഇത് ഘർവാപ്പസികളുടെ കാലം; വിമർശനവുമായി അലോഷ്യസ് സേവ്യർ

തിരുവനന്തപുരം: ബിജെപി വിട്ട് കോൺഗ്രസിലേക്ക് മടങ്ങാനുള്ള പത്മജ വേണുഗോപാലിൻറെയും പത്മിനി തോമസിൻറെയും നീക്കത്തെ വിമർശിച്ച് കെഎസ്യു സംസ്ഥാന പ്രസിഡൻറ് അലോഷ്യസ് സേവ്യർ. കോൺഗ്രസിന് ഇത് ഘർവാപ്പസികളുടെ കാലമാണെന്നും പാർട്ടിയിലേക്ക് ആർക്കും കടന്നുവരാം.

എന്നാൽ അവർക്കായി പ്രത്യേക പരിഗണനയും പദവികളും ഒരുക്കിക്കൊടുക്കുന്നതിനെയാണ് എതിർക്കുന്നതെന്നും അദ്ദേഹം ഫേസ്ബുക്ക് കുറിപ്പിൽ പരിഹസിച്ചു.

പത്മജമാർ ബൂത്തുകളിൽ പ്രവർത്തിക്കട്ടെ. പത്തു വർഷമായി പാർട്ടിക്കുവേണ്ടി അധ്വാനിച്ച സാധാരണ കോൺഗ്രസ് പ്രവർത്തകർക്ക് എല്ലാ മേഖലകളിലും അർഹമായ പരിഗണന ലഭിക്കണമെന്നും അലോഷ്യസ് സേവ്യർ ആവശ്യപ്പെട്ടു.

ചുവന്ന ബോർഡുകളുടെ മനോഹാരിതയും ഉത്തരവാദിത്തവും സാധാരണ പാർട്ടി പ്രവർത്തകരും അനുഭവിക്കട്ടെയെന്നും അദ്ദേഹം കുറിച്ചു. കോൺഗ്രസിന് ഇത് തിരിച്ചുവരവുകളുടെ കാലമാണ്.

രാജ്യത്തെ വിവിധ മേഖലകളിലുള്ള ജനങ്ങളെ ചേർത്തുപിടിച്ച് രാഹുൽ ഗാന്ധി സംഘപരിവാർ സർക്കാരിനെതിരെ പോരാട്ടം തുടരുന്ന സാഹചര്യത്തിൽ ആർക്കും കോൺഗ്രസിലേക്ക് വരാമെന്നും വ്യക്തമാക്കി. എന്നാൽ തിരിച്ചെത്തുന്നവർക്കായി പാർട്ടിയിൽ പച്ചപരവതാനി വിരിക്കുന്നതിനെയും പ്രത്യേക ആനുകൂല്യങ്ങൾ മാറ്റിവയ്ക്കുന്നതിനെയുമാണ് അദ്ദേഹം ചോദ്യം ചെയ്തത്. പാർട്ടിയിൽ ഇവർക്കായി സെലിബ്രേറ്റഡ് പ്രിവിലേജുകൾ ഒരുക്കുന്നതിനെതിരെയും വിമർശനമുയർത്തി.

കോൺഗ്രസിൻറെ ഏറ്റവും മോശം അവസ്ഥയിൽ പാർട്ടിയുടെ അടിസ്ഥാന മൂല്യമായ മതേതര സ്വഭാവത്തെ വെല്ലുവിളിച്ചുകൊണ്ടാണ് പത്മജ വേണുഗോപാൽ കോൺഗ്രസ് വിട്ട് ബിജെപിയിൽ ചേർന്നതെന്നും കുറിപ്പിൽ ഓർമിപ്പിച്ചു. പത്മജയുടെ മടങ്ങിവരവുമായി ബന്ധപ്പെട്ട ചർച്ചകൾക്കിടെയാണ് കെഎസ്യു സംസ്ഥാന അധ്യക്ഷൻറെ പ്രതികരണം.

അപേക്ഷ ക്ഷണിച്ചു

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾ ഉൾപ്പെട്ട കൂട്ടുത്തരവാദിത്വ സംഘങ്ങളിൽ / വ്യക്തികളിൽ നിന്നും പശു വളർത്തൽ, ആട് വളർത്തൽ, 'തൂശനില' മിനി കഫേ (വനിതാ കൂട്ടുത്തരവാദിത്വ (ഖഘഏഒ) സംഘങ്ങളിൽ നിന്ന് മാത്രം) എന്നീ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ടി വായ്പാ മൂലധന സബ്സിഡി ധനസഹായം നൽകുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറത്തിനും വിശദവിവരങ്ങൾക്കുമായി ംംം.സംൈരളര.ൈഴ സന്ദർശിക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 22.

കൊലപാതകത്തെ ന്യായീകരിക്കുന്നത് മാർക്സിസമല്ല; സിപിഎമ്മിനെതിരെ തുറന്നടിച്ച് മനു തോമസ്

കണ്ണൂർ: അരിയിൽ ഷുക്കൂർ വധക്കേസിലെ കോടതി വിധിക്കു പിന്നാലെ സിപിഎമ്മിനെതിരെ രൂക്ഷവിമർശനവുമായി ഡിവൈഎഫ്ഐ മുൻ നേതാവ് മനു തോമസ്. പി. കൃഷ്ണപിള്ളയെയും എ.കെ.ജിയെയും രാഷ്ട്രീയ എതിരാളികൾ തടയുകയും മർദിക്കുകയും ചെയ്തിട്ടുണ്ട്. അവരെ മർദിച്ചവരെ കണ്ടെത്താനായില്ലെന്ന കാരണത്താൽ അവരുടെ കുടുംബത്തിൽപ്പെട്ട മറ്റൊരാളെ മണിക്കൂറുകൾക്കുള്ളിൽ തെരഞ്ഞുപിടിച്ച് കൊലപ്പെടുത്തിയിട്ടില്ലെന്ന് മനു തോമസ് പറഞ്ഞു.

മനുഷ്യനെ കൊന്നതിനെ ന്യായീകരിക്കുന്നത് മാർക്സിസമോ മാനുഷികമായ ഇടതുപക്ഷ നയമോ അല്ല. തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അത് അംഗീകരിച്ച് തിരുത്തുകയാണ് വേണ്ടതെന്നും അദ്ദേഹം ഫേസ്ബുക്ക് കുറിപ്പിൽ വ്യക്തമാക്കി. നിങ്ങൾ തിരുത്തണം, അല്ലെങ്കിൽ ജനം തിരുത്തും എന്നും മനു തോമസ് കുറിച്ചു. സ്വാർഥ ലാഭത്തിനായി കൂടപ്പിറപ്പിനെപ്പോലും കൊല്ലാൻ നിർദേശിക്കാൻ മടിക്കാത്തയാളാണ് ഇപ്പോൾ ന്യായം പറയുന്നതെന്ന വിമർശനവും കുറിപ്പിലുണ്ട്.

ട്രോട്സ്കിയെ കൊലപ്പെടുത്തിയ സംഭവത്തിൽ അന്ന് ന്യായം കണ്ടെത്തിയതിനു സമാനമാണ് ഈ നിലപാടെന്നും അദ്ദേഹം പരിഹസിച്ചു. കഷ്ടം എന്ന പരാമർശത്തോടെയാണ് മനു തോമസ് വിമർശനം അവസാനിപ്പിച്ചത്.

ടി.എം.സി. വിഷൻ ഡോക്യുമെൻറിന്റെ അടിസ്ഥാനത്തിൽ വികസന പരിപാടി തയ്യാറാക്കും: മന്ത്രി സി.പി. ജോൺ

ആരോഗ്യ രംഗത്തെ മുന്നേറ്റത്തിനായി 'ടി. എം. സി വിഷൻ 2030' തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്ലാറ്റിനം ജൂബിലി കൺവെൻഷന് തുടക്കം

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്ലാറ്റിനം ജൂബിലി കൺവെൻഷനിലെ വിഷൻ ഡോക്യുമെൻറിന്റെ അടിസ്ഥാനത്തിൽ വികസന പരിപാടി തയ്യാറാക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ. മെഡിക്കൽ കോളേജ് ഓട്ടോണമസ് ആക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണ്. മികച്ച പ്രവർത്തനങ്ങളിലൂടെ ഇന്ത്യയിലെ മികച്ച മെഡിക്കൽ കോളേജുകളിൽ ഒന്നായി തിരുവനന്തപുരം മെഡിക്കൽ കോളേജിനെ മാറ്റാൻ സാധിക്കും. 75 വർഷക്കാലത്തെ ശോഭനമായ ചരിത്രമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിനുള്ളത്. വികസനത്തിന്റെ അടുത്ത കുതിപ്പിലേക്ക് മെഡിക്കൽ കോളേജിനെ എത്തിക്കുമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്ലാറ്റിനം ജൂബിലി കൺവെൻഷൻ 2026ലെ 'ടി.എം.സി വിഷൻ 2030' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.മെഡിക്കൽ വിദ്യാഭ്യാസം, രോഗീ പരിചരണം, ഗവേഷണം, ഇന്നവേഷൻ തുടങ്ങിയവയിൽ ഊന്നിയായിരിക്കണം വിഷൻ ഡോക്യുമെന്റ് തയ്യാറാക്കേണ്ടതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വി. മുരളീധരൻ എം.എൽ.എ. പറഞ്ഞു. ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി എന്നിവർ വിശിഷ്ടാതിഥികളായി.

ടി.എം.സി.എ.എ. മുൻ പ്രസിഡന്റും കിംസ് ഹെൽത്ത് ചെയർമാനുമായ ഡോ. എം.ഐ. സഹദുള്ള മുഖ്യപ്രഭാഷണം നടത്തി. അലുമ്നി അസോസിയേഷൻ പ്രസിഡന്റ് ഡോ. സി. ജോൺ പണിക്കർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ജു രവീന്ദ്രൻ, പ്ലാനിംഗ് ബോർഡ് അംഗം ഡോ. എസ്.എസ്. ലാൽ, അലുമ്നി അസോസിയേഷൻ വൈസ് പ്രസിഡൻറ് ഡോ. ദിനേശ് കെ., അലുമ്നി അസോസിയേഷൻ സെക്രട്ടറി ഡോ. കവിത രവി, ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡൻറ് രഘു ചന്ദ്രൻ നായർ എന്നിവർ പങ്കെടുത്തു.

ഡോ. രഞ്ജിത്ത്, ഡോ. രമേഷ് രാജൻ, ഡോ. പ്രേമ എൻ.എസ്., ഡോ. ബിനോയ് എസ്., ഡോ. ഉമ, ഡോ. സുചിത്ര, ഡോ. അരവിന്ദ്, ഡോ. പ്രണവ്, ഡോ. നവ്യശ്രീ, അഫ്ന എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡയമണ്ട് ജൂബിലി ഓഡിറ്റോറിയത്തിൽ നവംബർ 20 മുതൽ 22 വരെയാണ് കൺവെൻഷൻ സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് അലുമ്നി അസോസിയേഷൻ (ഠങഇഅഅ), ടീച്ചേഴ്സ് അസോസിയേഷൻ, സ്റ്റുഡൻസ് യൂണിയൻ എന്നിവർ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പൈതൃകം എന്ന വിഷയത്തിൽ ഡോ. കെ. രാജശേഖരൻ നായരും, ഭാവിക്കായുള്ള ധനസമാഹരണത്തിൽ അലുമ്നിയുടെ പങ്ക് എന്ന വിഷയത്തിൽ ഡോ. കൃഷ്ണ ആർ. പ്രസാദും പ്രഭാഷണങ്ങൾ നടത്തി.മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യ രംഗത്തെ വികസനം, ഭാവി ചികിത്സാ സംവിധാനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിവിധ വിഭാഗങ്ങളിലെ വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഇന്ത്യയിലെ കാൻസർ ചികിത്സയിൽ പ്രോട്ടോൺ തെറാപ്പിയുടെ ഏഴുവർഷത്തെ മുന്നേറ്റം എന്ന വിഷയത്തിൽ അപ്പോളോ ഹോസ്പിറ്റൽസ് ഇന്ത്യ ഗ്രൂപ്പ് ചീഫ് ബിസിനസ് ഓഫീസർ ജോൺ ചാണ്ടിയും, ഹൃദ്രോഗ ചികിത്സയിലെ ഉചിതവും അനുചിതവുമായ രീതികൾ എന്ന വിഷയത്തിൽ അമേരിക്കയിലെ ലൂയിസ് സ്റ്റോക്സ് ക്ലീവ്ലൻഡ് വി.എ. മെഡിക്കൽ സെന്ററിലെ കാർഡിയോളജി വിഭാഗം മേധാവി ഡോ. മുഹമ്മദ് നജീബ് ഒസ്മാനും പ്രഭാഷണങ്ങൾ നടത്തി. അവാർഡ് ദാനച്ചടങ്ങും കലാസന്ധ്യയും ഇതോടൊപ്പം നടന്നു.

സമ്മർദം ഫലം കണ്ടു; ജോസഫും കാപ്പനും കാബിനറ്റ് റാങ്കിലേക്ക്

തിരുവനന്തപുരം: കേരള കോൺഗ്രസ് ജോസഫ് വിഭാഗം നേതാവ് പി.ജെ. ജോസഫിന് കാർഷിക വികസന സമിതി ചെയർമാൻ സ്ഥാനവും മാണി സി. കാപ്പൻ എംഎൽഎയ്ക്ക് നോർക്ക വൈസ് ചെയർമാൻ സ്ഥാനവും നൽകാൻ തീരുമാനം. കാബിനറ്റ് റാങ്കോടെയുള്ള പദവി നൽകാനുള്ള തീരുമാനത്തിന് അടുത്ത മന്ത്രിസഭാ യോഗത്തിൽ അംഗീകാരം നൽകുമെന്നും റിപ്പോർട്ടുകളുണ്ട്. ബോർഡ് കോർപറേഷൻ നിയമനങ്ങൾ വൈകുന്നതിനെച്ചൊല്ലി യുഡിഎഫിൽ നേരത്തേ തന്നെ അസ്വാരസ്യങ്ങൾ ശക്തമായിരുന്നു. ആർഎസ്പി ഉൾപ്പെടെയുള്ള ഘടകകക്ഷികൾ പരസ്യമായി അതൃപ്തി പ്രകടിപ്പിച്ചിരുന്നു.

ഇതു തിരിച്ചടിയാവുമെന്ന വിലയിരുത്തലിലാണ് ചർച്ചകൾ വേഗത്തിലാക്കി തീരുമാനത്തിലെത്തിയത്. കേരള കോൺഗ്രസ് ജോസഫ് വിഭാഗത്തിൻറെ നിരന്തരമായ ആവശ്യത്തെത്തുടർന്നാണ് പി.ജെ. ജോസഫിന് പദവി നൽകാനുള്ള തീരുമാനം. പദവി വൈകുന്നതിൽ പാർട്ടിക്കുള്ളിൽ ശക്തമായ അതൃപ്തിയുണ്ടായിരുന്നു. ഇതുമായി ബന്ധപ്പെട്ട് മന്ത്രി മോൻസ് ജോസഫ് മുഖ്യമന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. അതിനിടെ മാണി സി. കാപ്പനും പദവി ലഭിക്കാത്തതിൽ മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് അതൃപ്തി അറിയിച്ചിരുന്നു.

മറ്റു ഘടകകക്ഷികൾക്ക് പരിഗണന നൽകിയപ്പോൾ തന്നെ അവഗണിക്കുന്നുവെന്നായിരുന്നു കാപ്പൻറെ പരാതി. നോർക്ക വൈസ് ചെയർമാൻ സ്ഥാനത്തിനൊപ്പം കാബിനറ്റ് റാങ്കും വേണമെന്നായിരുന്നു ആവശ്യം. ബോർഡ്കോർപറേഷൻ നിയമനങ്ങൾ വൈകുന്നതിനെച്ചൊല്ലി യുഡിഎഫിൽ നേരത്തേ തന്നെ അസ്വാരസ്യങ്ങൾ ശക്തമായിരുന്നു. ആർഎസ്പി ഉൾപ്പെടെയുള്ള ഘടകകക്ഷികൾ പരസ്യമായി അതൃപ്തി പ്രകടിപ്പിച്ചിരുന്നു.

നിയമസഭാ സാഹിത്യോത്സവം: സ്റ്റാൾ രജിസ്ട്രേഷൻ പൂർത്തിയായി

2027 ജനുവരി ഏഴ് മുതൽ 13 വരെ തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിൽ സംഘടിപ്പിക്കുന്ന കേരള നിയമസഭാ അന്താരാഷ്ട്ര സാഹിത്യോത്സവം 2027, അഞ്ചാം പതിപ്പിന്റെ സ്റ്റാളുകൾക്കായുള്ള രജിസ്ട്രേഷൻ അവസാനിച്ചപ്പോൾ പ്രസാധകരിൽനിന്ന് മികച്ച പ്രതികരണം. 175-ഓളം പ്രസാധകർ രജിസ്റ്റർ ചെയ്യുകയും 282 സ്റ്റാളുകൾക്കായുള്ള ബുക്കിംഗ് അപേക്ഷ ലഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് കേരള നിയമസഭ സെക്രട്ടേറിയറ്റ് അറിയിച്ചു. ആറു വേദികളായാണ് സാഹിത്യോത്സവം സംഘടിപ്പിക്കുന്നത്. വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ചർച്ചകളും സംവാദങ്ങളും പുസ്തകപ്രകാശനങ്ങളും കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയ സ്റ്റുഡന്റ്സ് കോർണറും സാഹിത്യോത്സവത്തിന്റെ ഭാഗമായിട്ടുണ്ടാകും.